



# പത്രാധിപക്കുറിപ്പ്

മതം ഇന്ന് ഏറെ ചർച്ചചെയ്യപ്പെടുന്ന ഒരു വിഷയമാണല്ലോ. അതേ സമയം ഒരു മതവും ഇല്ലാതേയും മനുഷ്യർക്ക് ജീവിതം സാദ്ധ്യമാണെന്ന് സമർത്ഥിക്കുന്നവരുമുണ്ട്. അവരുടെ വിവക്ഷയിൽ പാരമ്പര്യമായി വന്നുചേരുന്നതും ഏതെങ്കിലുമൊരു ഈശ്വരന്റെ പേരിലുള്ളതുമായ നിത്യജീവിതത്തിലെ ആചാരാനുഷ്ഠാനങ്ങളാണ് മതം. എന്നാൽ ഭാരതീയ കാഴ്ചപ്പാടിൽ കുടുംബപരമോ അല്ലെങ്കിൽ ഏതെങ്കിലും സംഘത്തിലൂടെ കൈവന്നതോ ആയ ഒരു പാരമ്പര്യമായിട്ടല്ല മതത്തെ കാണുന്നത്. അത് തീർത്തും വ്യക്തിനിഷ്ഠമായ ഒന്നാണ്.

'തത് ഐക്ഷത അഹം ബഹുസ്യാം പ്രാജായേയ' (അത് ആഗ്രഹിച്ചു ഞാൻ പലതായി തീരട്ടെ) എന്നു പറഞ്ഞതനുസരിച്ച് 'അദിതി' എന്ന് വേദങ്ങളിൽ പറയുന്ന അഖണ്ഡവും അനന്തവുമായ പരമചൈതന്യത്തിന്റെ (ഊർജ്ജത്തിന്റെ) പരിമിതവും അംശവുമായ തുടർരൂപങ്ങളാണ് നാം ഓരോരുത്തരും. വ്യക്തികളുടെ പരിമിതത്ത്വംമൂലം ജീവിതത്തിൽ പ്രതിസന്ധികൾ അനുഭവപ്പെടുന്നു. ആ പ്രതിസന്ധികൾ തരണംചെയ്ത് ജീവിതത്തിലെ അത്യുന്നത വിജയമാകുന്ന സർവ്വതന്ത്രസ്വാതന്ത്ര്യം (മോക്ഷം) നേടാൻ ഏതൊരു മനുഷ്യനും സ്വന്തം പരിമിതത്ത്വബോധത്തെ ഇല്ലാതാക്കണമെന്നത് കാര്യകാരണം ചിന്തിക്കുന്നവന് സംശയമില്ലാത്ത കാര്യമാണ്. ഊർജ്ജരൂപിയായ ബോധചൈതന്യമാകുന്ന ശിവനിൽ നടനമാടുന്ന നാനാവിധരസരൂപിണിയായ പ്രപഞ്ചമാകുന്നതും സ്ത്രീരൂപത്തിലുള്ളതുമായ ദേവിയുടെ ചിത്രീകരണം ഭാരതീയ ആദ്ധ്യാത്മിക കൃതികളിൽ നമുക്ക് കാണാവുന്നതാണ്.

ഇത് നമ്മൾ ഓരോരുത്തരുടേയും ചിത്രമാണ്. നമ്മുടെ പരിമിതത്ത്വബോധം ഇല്ലാതായാൽ ഈയൊരു പ്രപഞ്ചവീക്ഷണം അനുഭവപ്പെടും. അതിനുവേണ്ടി ഓരോ മനുഷ്യരും അവരവരുടെ താല്പര്യങ്ങൾക്കനുസരിച്ച് ഓരോ ഉപായങ്ങളും മാർഗ്ഗങ്ങളും തിരഞ്ഞെടുക്കണം. ആ മാർഗ്ഗങ്ങളും ഉപായങ്ങളും ചില ആരാധനാസമ്പ്രദായങ്ങളായിരിക്കും. അപ്രകാരം ഓരോ മനുഷ്യരും സ്വയം ഇതിനുവേണ്ടി തിരഞ്ഞെടുക്കുന്ന ആ ഉപായങ്ങളും മാർഗ്ഗങ്ങളുമാണ് അവരുടെ മതങ്ങൾ. അതുകൊണ്ടു തന്നെ ഈ മതങ്ങൾ പ്രചരിപ്പിക്കേണ്ട ആവശ്യകതയുമില്ല. അടിച്ചേല്പിക്കാനും സാധ്യമല്ല. സമൂഹനിഷ്ഠമായി മതങ്ങളെ കാണാനും ലക്ഷ്യബോധമില്ലാതെ പിന്തുടരുന്ന ചില ആചാരാനുഷ്ഠാനങ്ങളെ മതങ്ങളായി പരിമിതപ്പെടുത്താനും തുടങ്ങിയപ്പോഴാണ് നിരർത്ഥകങ്ങളായ മതസംബന്ധിയായ ചർച്ചകൾ ഉടലെടുക്കുന്നത്. അവ ഇല്ലാതാക്കുന്നതിന് യഥാർത്ഥ മതചിന്തയും വ്യക്തിഗതാർജ്ജവവും ഓരോരുത്തരും വച്ച് പുലർത്തുകയാണ് വേണ്ടത്.

പുസ്തകം 4 ലക്കം 13
ജനുവരി - മാർച്ച് 2015

ഒരു വർഷത്തേയ്ക്ക് : 60 രൂപ

ശ്രീപുരം പബ്ലിക്കേഷൻസ്
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ - 680 712

shripuramtrust@yahoo.co.in.
www.shripuram.org

പത്രാധിപർ
പ്രകാശ് ഡി.

പത്രാധിപസമിതി
എൽ. ഗിരീഷ്കുമാർ
കെ.പി. ശ്രീധരൻ നമ്പൂതിരി
അജിതൻ പി.ഐ.
വിഷ്ണു ആനന്ദ് എൻ.
ടി.ജി. വിഷ്ണു
കണ്ണൻ കെ.എസ്.
അനൂപ് എസ്.യു.

പ്രസാധകൻ
ശ്രീകാന്ത് സി.

പുറംചട്ട രൂപകല്പന
ഉണ്ണികൊണ്ടമറുക്.

അക്ഷരവിന്യാസം, രൂപകല്പന
രവി പാറക്കുന്നം, തൃശ്ശൂർ.

മുദ്രണം
മമ ഓഫ്സെറ്റ് പ്രിന്റ്,
നട, ഇരിങ്ങാലക്കുട

# വിഷയവിവരം

1. രാമഭുജംഗപ്രയാതസ്തോത്രം

2

2. ലളിതാസഹസ്രനാമം
വ്യാഖ്യാനം - 13

5

3. നന്ദികേശ്വര കാശികാ
വ്യാഖ്യാനം - 9

9

4. സംസ്കൃതപഠനം - 21

12

7. സാമാന്യ വാസ്തുനിയമങ്ങൾ

17

8. ഭഗവദ്ഗീതാ - ഒരു പുനർവായന - 1

19

9. കുട്ടികളുടെ വാത്മീകി രാമായണം - 1

21

10. ദത്താത്രേയ ഗീത

22

11. വേദാർത്ഥവിചാരം

24

12. ഔഷധസസ്യങ്ങൾ - 8
കറ്റാർവാഴ

32

മുഖചിത്രം

ദേവതാ : ദുർഗ്ഗാകാളരാത്രീ

# രാമഭുജംഗപ്രയാതസ്തോത്രം

സമ്പാദക : അപർണ്ണാദേവി

വിശുദ്ധം പരം സച്ചിദാനന്ദരൂപം
ഗുണാധാരമാധാരഹീനം വരേണ്യം
മഹാന്തം വിഭാന്തം ഗുഹാന്തം ഗുണാന്തം
സുഖാന്തം സ്വയംധാമ രാമം പ്രപദ്യേ ||

ശിവം നിത്യമേകം വിഭും താരകാഖ്യം
സുഖാകാരമാകാരശൂന്യം സുമാന്യം
മഹേശം കലേശം സുരേശം പരേശം
നരേശം നിരീശം മഹീശം പ്രപദ്യേ ||

യദാവർണയത്കർണമൂലേഽന്തകാലേ
ശിവോ രാമ രാമേതി രാമേതി കാശ്യാം
തദേകം പരം താരകബ്രഹ്മരൂപം
ഭജേഽഹം ഭജേഽഹം ഭജേഽഹം ഭജേഽഹം ||

മഹാരത്നപീഠേ ശുഭേ കല്പമൂലേ
സുഖാസീനമാദിത്യകോടിപ്രകാശം
സദാ ജാനകീലക്ഷ്മണോപേതമേകം
സദാ രാമചന്ദ്രം ഭജേഽഹം ഭജേഽഹം ||

ക്വണദ്രത്നമഞ്ജീരപാദാരവിന്ദം
ലസന്മേഖലാചാരുപീതാംബരാഢ്യം
മഹാരത്നഹാരോല്ലസത്കൗസ്തുഭാംഗം
നദച്ചഞ്ചരീമഞ്ജരീലോലമാലം ||

ലസച്ചന്ദ്രികാസ്മേരശോണാധരാഭം
സമുദ്യത്പതങ്ഗേന്ദുകോടിപ്രകാശം
നമദ്ബ്രഹ്മരുദ്രാദികോടീരരത്ന-
സ്ഫുരത്കാന്തിനീരാജനാരാധിതാംഘ്രിം ||

പുരഃ പ്രാഞ്ജലീനാഞ്ജനേയാദിഭക്താൻ
സ്വചിന്മുദ്രയാ ഭദ്രയാ ബോധയന്തം
ഭജേഽഹം ഭജേഽഹം സദാ രാമചന്ദ്രം
ത്വദന്യം ന മന്യേ ന മന്യേ ന മന്യേ ||

യദാ മത്സമീപം കൃതാന്തഃ സമേത്യ
പ്രചണ്ഡപ്രകോപൈർഭടൈർഭീഷയേന്മാം
തദാഽഽവിഷ്കരോഷി ത്വദീയം സ്വരൂപം
സദാഽഽപത്പ്രണാശം സകോദണ്ഡബാണം ||

നിജേ മാനസേ മന്ദിരേ സന്നിധേഹി
പ്രസീദ പ്രസീദ പ്രഭോ രാമചന്ദ്ര
സസൗമിത്രിണാ കൈകയീനന്ദനേന
സ്വശക്ത്യാനുഭക്ത്യാ ച സംസേവ്യമാന ||

സ്വഭക്താഗ്രഗണ്യൈഃ കപീശൈർമഹീശൈ-
രനീകൈരനേകൈശ്ച രാമ പ്രസീദ
നമസ്തേ നമോഽസ്ത്വീശ രാമ പ്രസീദ
പ്രശാധി പ്രശാധി പ്രകാശം പ്രഭോ മാം ||

ത്വമേവാസി ദൈവം പരം മേ യദേകം
സുചൈതന്യമേതത്ത്വദന്യം ന മന്യേ
യതോഽഭൂദമേയം വിയദ്വായുതേജോ-
ജലോർവ്യാദികാര്യം ചരം ചാചരം ച ||

നമഃ സച്ചിദാനന്ദരൂപായ തസ്മൈ
നമോ ദേവദേവായ രാമായ തുഭ്യം
നമോ ജാനകീജീവിതേശായ തുഭ്യം
നമഃ പുണ്ഡരീകായതാക്ഷായ തുഭ്യം ||

നമോ ഭക്തിയുക്താനുരക്തായ തുഭ്യം
നമഃ പുണ്യപുഞ്ജൈകലഭ്യായ തുഭ്യം
നമോ വേദവേദ്യായ ചാദ്യായ പുംസേ
നമഃ സുന്ദരായേന്ദിരാവല്ലഭായ ||

നമോ വിശ്വകർത്രേ നമോ വിശ്വഹർത്രേ
നമോ വിശ്വഭോക്ത്രേ നമോ വിശ്വമാത്രേ
നമോ വിശ്വനേത്രേ നമോ വിശ്വജേത്രേ
നമോ വിശ്വപിത്രേ നമോ വിശ്വമാത്രേ ||

നമസ്തേ നമസ്തേ സമസ്തപ്രപഞ്ച-
പ്രഭോഗപ്രയോഗപ്രമാണപ്രവീണ
മദീയം മനസ്ത്വത്പദദ്വന്ദ്വസേവാം
വിധാതും പ്രവൃത്തം സുചൈതന്യസിദ്ധ്യൈ ||

ശിലാപി ത്വദങ്ഘ്രിക്ഷമാസംഗിരേണു-
പ്രസാദാദ്ധി ചൈതന്യമാധത്ത രാമ
നരസ്ത്വത്പദദ്വന്ദ്വസേവാവിധാനാത്
സുചൈതന്യമേതീതി കിം ചിത്രമത്ര ||

പവിത്രം ചരിത്രം വിചിത്രം ത്വദീയം
നരാ യേ സ്മരന്ത്യന്വഹം രാമചന്ദ്ര
ഭവന്തം ഭവാന്തം ഭരന്തം ഭജന്തോ
ലഭന്തേ കൃതാന്തം ന പശ്യന്ത്യതോऽന്തേ ||

സ പുണ്യഃ സ ഗണ്യഃ ശരണ്യോ മമായം
നരോ വേദ യോ ദേവചൂഡാമണിം ത്വാം
സദാകാരമേകം ചിദാനന്ദരൂപം
മനോവാഗഗമ്യം പരം ധാമ രാമ ||

പ്രചണ്ഡപ്രതാപപ്രഭാവാഭിഭൂത-
പ്രഭൂതാരിവീര പ്രഭോ രാമചന്ദ്ര
ബലം തേ കഥം വർണ്യതേऽതീവ ബാല്യേ
യതോऽഖണ്ഡി ചണ്ഡീശകോദണ്ഡദണ്ഡം ||

ദശഗ്രീവമുഗ്രം സപുത്രം സമിത്രം
സരിദ്ദുർഗമധ്യസ്ഥരക്ഷോഗണേശം
ഭവന്തം വിനാ രാമ വീരോ നരോ വാ-
സുരോ വാമരോ വാ ജയേത്കസ്ത്രിലോക്യാം ||

സദാ രാമ രാമേതി രാമാമൃതം തേ
സദാ രാമമാനന്ദനിഷ്യന്ദകന്ദം
പിബന്തം നമന്തം സുദന്തം ഹസന്തം
ഹനൂമന്തമന്തർഭജേ തം നിതാന്തം ||

സദാ രാമാ രാമേതി രാമാമൃതം തേ
സദാ രാമമാനന്ദനിഷ്യന്ദകന്ദം
പിബന്നന്വഹം നന്വഹം നൈവ മൃത്യോ-
ർബിഭേമി പ്രസാദാദസാദാത്തവൈവ ||

അസീതാസമേതൈരകോദണ്ഡഭൂഷൈ-
രസൗമിത്രിവന്ദ്യൈരചണ്ഡപ്രതാപൈ
അലങ്കേശകാലൈരസുഗ്രീവമിത്രൈ-
രരാമാഭിധേയൈരലം ദൈവതൈർനഃ ||

അവീരാസനസ്ഥൈരചിന്മുദ്രികാഢ്യൈ-
രഭക്താഞ്ജനേയാദിതത്ത്വപ്രകാശൈഃ
അമന്ദാരമൂലൈരമന്ദാരമാലൈ-
രരാമാഭിധേയൈരലം ദൈവതൈർനഃ ||

അസിന്ധുപ്രകോപൈരവന്ദ്യപ്രതാപൈ
രബന്ധുപ്രയാണൈരമന്ദസ്മിതാഢ്യൈഃ
അദണ്ഡപ്രവാസൈരഖണ്ഡപ്രബോധൈ
രരാമാഭിധേയൈരലം ദേവതൈർനഃ ||

ഹരേ രാമ സീതാപതേ രാവണാരേ
ഖരാരേ സുരാരേസുരാരേ പരേതി
ലപന്തം നയന്തം സദാ കാലമേവം
സമാലോകയാലോകയാശേഷബന്ധോ ||

നമസ്തേ സുമിത്രാസുപുത്രാഭിവന്ദ്യ
നമസ്തേ സദാ കൈകയീനന്ദനേഢ്യ
നമസ്തേ സദാ വാനരാധീശവന്ദ്യ
നമസ്തേ നമസ്തേ സദാ രാമചന്ദ്ര ||

പ്രസീദ പ്രസീദ പ്രചണ്ഡപ്രതാപ
പ്രസീദ പ്രസീദ പ്രചണ്ഡാരികാല
പ്രസീദ പ്രസീദ പ്രപന്നാനുകമ്പിൻ
പ്രസീദ പ്രസീദ പ്രഭോ രാമചന്ദ്ര ||

ഭുജങ്ഗപ്രയാതം പരം വേദസാരം
മുദാ രാമചന്ദ്രസ്യ ഭക്ത്യാ ച നിത്യം
പഠൻ സന്തതം ചിന്തയൻ സ്വാന്തരങ്ഗേ
സ എവ സ്വയം രാമചന്ദ്രഃ സ ധന്യഃ ||

# ലളിതാസഹസ്രനാമം വ്യാഖ്യാനം - 13

വ്യാഖ്യാനം : എൽ. ഗിരീഷ്കുമാർ

(കഴിഞ്ഞലക്കം തുടർച്ച)

**ശിവകാമേശ്വരാങ്കസ്ഥാ** = ശിവനാകുന്ന കാമേശ്വരന്റെ മടിത്തട്ടിലിരിക്കുന്നവൾ.

പരമശിവന്റെ മടിത്തട്ടിലിരിക്കുന്നതായിട്ടാണ് ത്രിപുരസുന്ദരിയെ ഇവിടെ

ചിത്രീകരിച്ചിരിക്കുന്നത്. എന്നാൽ ഇവിടെ ശിവൻ കാമേശ്വരനാണെന്ന് പറഞ്ഞിരിക്കുന്നു. കാമേശ്വരന് കാമത്തെ (ആഗ്രഹത്തെ) ജയിച്ചവനെന്നും കാമം (ആഗ്രഹം) ഉള്ളവനെന്നും രണ്ടർത്ഥമുണ്ട്. ഈ നാമത്തിന്റെ ആന്തരികാർത്ഥം ചിന്തിക്കുകയാണെങ്കിൽ ശിവൻ എന്നു വച്ചാൽ ചലനരഹിതമായ ബോധം എന്ന് പറയണം. ആ ബോധത്തിന് ചലിക്കണമെന്നും പലതാകണമെന്നും തോന്നിയപ്പോൾ അതിന് ആഗ്രഹങ്ങൾ ഉണ്ടായി. അതുകൊണ്ട് ശിവകാമേശ്വരൻ സൃഷ്ട്യുന്മുഖനായ ശിവനാണെന്ന് മനസ്സിലാക്കാം. അങ്ങനെ ഈ നാമത്തിലൂടെ സൃഷ്ട്യുന്മുഖനായ ശിവന്റെ മടിയിലിരിക്കുന്ന ദേവിയെ വർണ്ണിച്ചിരിക്കുന്നു.

**പ്രപഞ്ചസ്വരൂപിണിയായ ദേവി**

ഇവിടെ പറഞ്ഞിരിക്കുന്ന ശിവകാമേശ്വരനാകുന്ന ബോധം നമ്മൾ ഓരോരുത്തരുടേയും ബോധമാണ്. നമുക്ക് ആഗ്രഹങ്ങൾ ഉണ്ട്. ആ ആഗ്രഹങ്ങളെ ജയിച്ചിട്ടില്ലായിരിക്കാം. ആഗ്രഹങ്ങളുള്ളതും പരിമിതിയ്ക്ക് അകപ്പെട്ടിരിക്കുന്നതുമായ നമ്മുടെ ബോധത്തിന് അപരിമിതമായ ശിവകാമേശ്വരന്റെ ബോധവുമായി യാതൊരു വ്യത്യാസവുമില്ല. നമ്മുടെ കൈക്കുമ്പിളിലെ സാഗരജലത്തിന് യഥാർത്ഥസാഗരജലത്തിന്റെ എല്ലാ സ്വഭാവഗുണങ്ങളുമുണ്ടായിരിക്കും. അതായത് നമ്മുടെ ബോധത്തിന് പരിമിതത്വം മൂലം ശിവകാമേശ്വരബോധ (പ്രപഞ്ചബോധം)വുമായി ഗുണങ്ങളുടെ വിഷയത്തിൽ യാതൊരു വ്യത്യാസവുമുണ്ടാകുന്നില്ല. നമ്മുടെ ബോധം ശിവകാമേശ്വരബോധം തന്നെയാണ്. അപ്പോൾ നമ്മുടെ കണ്ണിലൂടെയും കാതിലൂടെയും മൂക്കിലൂടെയും നാക്കിലൂടെയും ത്വക്കിലൂടെയും അറിയുന്ന നമ്മുടെ പ്രപഞ്ചം സാക്ഷാൽ ത്രിപുരസുന്ദരിയുമാണ്. അതായത് പഞ്ചേന്ദ്രിയങ്ങളിലൂടെ നാം അറിയുന്ന പ്രപഞ്ചമാകുന്ന സാക്ഷാൽ ത്രിപുരസുന്ദരി ഇരിക്കുന്നത് നമ്മുടെ ബോധത്തിലാണ്. നമ്മൾ ഉണരുമ്പോൾ നമ്മൾ ശിവകാമേശ്വരന്മാരും നമ്മൾ പ്രവൃത്തിക്കുമ്പോൾ ഈ പ്രപഞ്ചമാകുന്ന ത്രിപുരസുന്ദരി നമ്മുടെ ബോധത്തിന്റെ മടിത്തട്ടിലുമാണ് ഇരിക്കുന്നത്. ഇപ്രകാരം പ്രപഞ്ചാത്മികയാണ് ദേവിയെന്നും ആ ദേവിയുടെ ഇരിപ്പിടം നമ്മുടെ ബോധമാണെന്നും ഈ നാമത്തിലൂടെ വ്യക്തമാകുന്നു.

**ശിവാ** = ശിവനാണ് ദേവി.

ശിവശബ്ദം പുല്ലിംഗവാചിയാണെങ്കിൽ അതിന്റെ സ്ത്രീലിംഗശബ്ദമാണ് 'ശിവാ' എന്നത്. അതുകൊണ്ട് ശിവനിൽനിന്ന് യാതൊരു കാരണവശാലും അഭിന്നയല്ലാത്തവൾ എന്നാണ് ഈ നാമം വ്യക്തമാക്കുന്നത്. നമ്മുടെ ഉള്ളിൽ ഇരിക്കുന്ന ബോധത്തിന്റെ ബഹിഃസ്ഫുരണം മാത്രമാണ് നമ്മൾ കാണുന്നതും കേൾക്കുന്നതും മണക്കുന്നതും രുചിക്കുന്നതും സ്പർശിക്കുന്നതുമായ ഈ മനോഹരപ്രപഞ്ചം. നമ്മുടെ ബോധം ഇല്ലാതായാൽ നമ്മളെ സംബന്ധിച്ചിടത്തോളം ഈ പ്രപഞ്ചവുമില്ലാതായി. നമ്മുടെ പ്രപഞ്ചത്തിന്റെ അടിത്തറയായി വിലസുന്നത് നമ്മുടെ ബോധംതന്നെയാണ്. അതായത് നമ്മൾത്തന്നെ. നമ്മുടെ ബോധം തന്നെയാണ് വ്യത്യസ്ത ഇന്ദ്രിയങ്ങളിലൂടെ ഒഴുകി പുറത്തേയ്ക്ക്

വന്ന നാനാരൂപധാരിണിയായ ഈ പ്രപഞ്ചം. അതുകൊണ്ട് ഈ പ്രപഞ്ചം വാസ്തവത്തിൽ ബോധത്തിന്റെ മൂർത്തരൂപംതന്നെ. അതായത് ശിവൻതന്നെ. അങ്ങനെ നമ്മൾ പരസ്പരം കാണുന്നത് ശിവനെ തന്നെ. പഞ്ചേന്ദ്രിയങ്ങളിലൂടെ അനുഭവിക്കുന്ന പ്രപഞ്ചം ദേവിയുമാണ്. എന്നാൽ ശിവനും ദേവിക്കും ഭേദമില്ലതാനും. പലതായിത്തീരണമെന്ന ആഗ്രഹമുള്ള ശിവന്റെ മടിത്തിട്ടിലാണ് പലതായിത്തീർന്ന ഈ പ്രപഞ്ചം കുടികൊള്ളുന്നത്. എന്നാൽ ഈ പ്രപഞ്ചം പലതായിത്തീർന്ന ശിവനിൽനിന്നും യാതൊരു കാരണവശാലും വിഭിന്നയല്ല. കടലിൽനിന്ന് ഉയർന്ന് പൊങ്ങിയ നീരാവി ആകാശത്ത് പലരൂപഭാവങ്ങളിൽ കാണപ്പെടുന്നുവെങ്കിലും അതെല്ലാം നീരാവിതന്നെ. അതുപോലെ ഈ പ്രപഞ്ചം ബോധത്തിന്റെ ബഹിഃസ്ഫുരണം തന്നെ എന്ന് ഈ നാമം വ്യക്തമാക്കുന്നു. ഇപ്രകാരം പരിഭ്രമരഹിതവും സുഖകരവുമായ അവസ്ഥയിലേയ്ക്കാണ് ഈ നാമം നമ്മളെ കൊണ്ടെത്തിക്കുന്നത്.

**സ്വാധീനവല്ലഭാ** = വല്ലഭനെ സ്വാധീനമാക്കിയവൾ.

ഭർത്താവിനെ സ്വാധീനമാക്കിയവളാണ് ലളിതാപരമേശ്വരി. ദേവിയുടെ സ്വാധീനത്തിലാണ് ശിവൻ പ്രവൃത്തിക്കുന്നത് എന്നർത്ഥം. ശിവന്റെ നെഞ്ചത്ത് ചവിട്ടി നിൽക്കുന്ന ഭദ്രകാളീരൂപവും ദക്ഷിണകാളീരൂപവും ഇത് ദ്യോതിപ്പിക്കുന്നു.

**ബോധത്തെ സ്വാധീനമാക്കിയവൾ**

ഈ നാമത്തിലുള്ള വല്ലഭൻ ശിവനാണ്.

ഉള്ളിൽനിന്ന് പുറത്തേയ്ക്ക് പോകുവാൻ ഉദ്യമിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ ഉള്ളിലുള്ള ബോധമാണ് ഇവിടെ വല്ലഭശബ്ദംകൊണ്ട് പറയുന്ന ശിവൻ. നമ്മുടെ ബോധത്തെ പുറത്തേയ്ക്ക് പിടിച്ച് വലിച്ചുകൊണ്ടിരിക്കുന്നത് നാനാരൂപധാരിണിയായ ഈ പ്രപഞ്ചമാകുന്ന ത്രിപുരസുന്ദരിയാണ്. ഈ ശക്തി നമ്മുടെ ബോധത്തെ അധീനമാക്കിവച്ചിരിക്കുന്നു. അതായത് ഈ പ്രപഞ്ചബോധത്തിന് അധീനമാണ് നമ്മുടെ ബോധം. നമ്മുടെ പഞ്ചേന്ദ്രിയങ്ങൾ കാണുന്നതിനും കേൾക്കുന്നതിനും മണക്കുന്നതിനും രുചിക്കുന്നതിനും സ്പർശിക്കുന്നതിനും അനുസരിച്ച് നമ്മുടെ ബോധതലത്തിന് മാറ്റമുണ്ടായിക്കൊണ്ടേയിരിക്കും. അതാണ് ബോധതലത്തെ സ്വാധീനമാക്കിയവൾ എന്ന് പറഞ്ഞത്. പ്രപഞ്ചസൃഷ്ടിക്ക് ഈ സ്വാധീനം ആവശ്യമാണ്. ഈ സ്വാധീനം നഷ്ടപ്പെട്ടുപ്പോയാൽ സൃഷ്ടിയില്ല. അപ്പോൾ സൃഷ്ടിയുടെ രഹസ്യം ഈ സ്വാധീനവല്ലഭത്വമാണ്.

നമ്മുടെ ഇന്ദ്രിയങ്ങളെ പിടിച്ച് വലിച്ചുകൊണ്ടിരിക്കുന്നത് ഈ പ്രകൃതിയാണ്. ഈ പ്രകൃതി ത്രിപുരസുന്ദരിയാണ്. അങ്ങനെ ത്രിപുരസുന്ദരി നമ്മുടെ ബോധത്തെ ആകർഷിക്കുന്നു.

**22. സുമേരുമധ്യശൃംഗസ്ഥാ ശ്രീമന്നഗരനായികാ
ചിന്താമണിഗൃഹാന്തസ്ഥാ പഞ്ചബ്രഹ്മാസനസ്ഥിതാ**

**സുമേരുമധ്യശൃംഗസ്ഥാ** = സുമേരുവിന്റെ നടുവിലുള്ള കൊടുമുടിയിലുള്ള

വൾ.

ദേവിയുടെ സ്ഥൂലവർണ്ണന കഴിഞ്ഞു. സൂക്ഷ്മവർണ്ണന ആരംഭിക്കുകയാണ്. ദേവിയെ എവിടെ ചെന്നാൽ കാണാമെന്നതിന്റെ ഉത്തരമായിട്ടാണ് ഇനിയുള്ള നാമങ്ങൾ. ഭൂമിയെ പതിനാറ് ക്ഷേത്രങ്ങളായി മഹർഷീശ്വരന്മാർ തിരിച്ചിരിക്കുന്നു. ഇതിലെ നടുവിലെ ക്ഷേത്രമാണ് സുമേരു പർവ്വതം. ഈ സുമേരു പർവ്വതത്തിന് മൂന്ന് കൊടുമുടികളുണ്ട്. അതിൽ നടുവിലെ കൊടുമുടിയിലാണ് ദേവി താമസിക്കുന്നത്. ഇതാണ് നാമത്തിന്റെ സ്ഥൂലമായ വിവക്ഷ.

**ശ്രീമന്നഗരനായിക** = ശ്രീമത്തായിരിക്കുന്ന നഗരത്തിന്റെ നായികയായിട്ടുള്ളവൾ.

പതിനാറ് ക്ഷേത്രങ്ങൾ ഉള്ളതിൽ നടുവിലെ ക്ഷേത്രമാകുന്ന കൊടുമുടിയിൽ എത്തിച്ചേർന്ന് അവിടെ എവിടെ ദേവിയെ അന്വേഷിക്കണമെന്ന ചോദ്യം ഉയരും. കാരണം അവിടെ എത്തിയാൽ ധാരാളം നഗരങ്ങളുണ്ട്. കിന്നരന്മാരുടെയും യക്ഷന്മാരുടെയും അപ്സരസ്സുകളുടെയും നഗരങ്ങളുണ്ട്. ആ കൊടുമുടിയിൽ ഏറ്റവും ഉയരത്തിലായി ഒരു നഗരമുണ്ട്. അതാണ് ശ്രീമന്നഗരം. ശ്രീനഗരം എന്നും പറയും. ആ നഗരത്തിന്റെ നായികയാണ് ലളിതാപരമേശ്വരി.

**ചിന്താമണിഗൃഹാന്തസ്ഥാ** = ചിന്താമണി എന്ന ഗൃഹാന്തർഭാഗത്തിരിക്കുന്നവൾ.

ശ്രീനഗരത്തിലെത്തിയാൽ ചിന്താമണി എന്ന ഒരു വീട്ടു മാത്രമേ ഉള്ളൂ. ആ ഗൃഹത്തിലാണ് ദേവിയുടെ വാസം.

**പഞ്ചബ്രഹ്മാസനസ്ഥിതാ** = അഞ്ച് ബ്രഹ്മങ്ങളെ ഇരിപ്പിടമാക്കിയിട്ടുള്ളവൾ.

ചിന്താമണിഗൃഹത്തിലെത്തിയാൽ അവിടെ എവിടെ ദേവിയെ കാണാനാകുമെന്ന പ്രശ്നമുണ്ടായാൽ അതിനുള്ള സമാധാനമാണ് ഈ നാമം. ദേവിയുടെ സമീപം എത്തുന്നവരെല്ലാം ദേവിയായിത്തീരുമെന്നുള്ളതുകൊണ്ട് ആരാണ് അവിടെയുള്ളവരിൽ യഥാർത്ഥ ദേവി എന്നതിനുള്ള ഉത്തരമായി ഈ നാമത്തെ ഇപ്രകാരം മനസ്സിലാക്കാം. ദേവിയുടെ ഇരിപ്പിടത്തിന്റെ നാല് കാലുകൾ ബ്രഹ്മാവ്, വിഷ്ണു, രുദ്രൻ, ഈശ്വരൻ എന്നിവരാണ്. ആ ഇരിപ്പിടത്തിന്റെ മുകളിലുള്ള പലക സദാശിവനുമാണ്. അപ്രകാരമുള്ള ഇരിപ്പിടത്തിൽ യാതൊരാൾ ഇരിക്കുന്നുവോ അവളാണ് ലളിതാപരമേശ്വരി എന്ന് ഈ നാമം പറഞ്ഞുതരുന്നു. ദേവീസാമീപ്യം ആഗ്രഹിച്ചാണവർ നിശ്ചലരായി ദേവിയുടെ ഇരിപ്പിടത്തിന്റെ കാലുകളായും പലകയായും തീർന്നിരിക്കുന്നത്.

ഇപ്രകാരം സുമേരുമധ്യശൃംഗത്തിലെത്തിയിട്ട് ശ്രീനഗരം അന്വേഷിക്കുക. ആ ശ്രീനഗരത്തിലെത്തിയാൽ ചിന്താമണി ഗൃഹം എവിടെയാണെന്ന് അന്വേഷിക്കുക. ചിന്താമണിഗൃഹം കണ്ടുപിടിച്ചുകഴിഞ്ഞാൽ ബ്രഹ്മാവ്, വിഷ്ണു, രുദ്രൻ, ഈശ്വരൻ എന്നിവർ കട്ടിലിൻകാലുകളായിട്ടും അതിന്റെ പലക സദാശിവനുമായിട്ടുമുള്ള ഇരിപ്പിടം കണ്ടെത്തുക. ആ ഇരിപ്പിടത്തിൽ കാമേശ്വരന്റെ മടിയിലിരിക്കുന്നവളാണ് ലളിതാപരമേശ്വരി എന്ന വിധത്തിൽ ദേവിസന്നി

ധിയിലേയ്ക്കുള്ള കൃത്യമായ വഴി ഈ നാമങ്ങൾ പറഞ്ഞുതരുന്നു.

**സൂക്ഷ്മാർത്ഥം**

ഇനി ഈ നാമങ്ങളുടെ സൂക്ഷ്മാർത്ഥം ചിന്തിച്ചുനോക്കാം. ഈ പ്രപഞ്ചത്തെ മുഴുവൻ ബ്രഹ്മാണ്ഡമെന്നും മനുഷ്യശരീരത്തെ പിണ്ഡാണ്ഡമെന്നും പറയുന്നു. ഏതുപോലെയാണോ ബ്രഹ്മാണ്ഡം അതുപോലെതന്നെയാണ് പിണ്ഡാണ്ഡവുമുള്ളത്. അതുകൊണ്ട് ബ്രഹ്മാണ്ഡത്തിലുള്ള സുമേരുപർവ്വതം നമുക്ക് നമ്മുടെ ശരീരത്തിലും ദർശിക്കാം. അത് നമ്മുടെ ശിരസ്സിനെ ഉയർത്തിനിർത്തി നിവർന്നുനിൽക്കാൻ സഹായിക്കുന്ന നട്ടെല്ലുതന്നെയാണ്. ആ നട്ടെല്ലിന്റെ ഉള്ളിലൂടെ അതിപ്രധാനങ്ങളായ മൂന്നു നാഡികൾ പോകുന്നുണ്ട്. ഇഡ, പിംഗള, സുഷുമ്ന എന്നിവയാണവ. ശ്വാസം അകത്തേയ്ക്കു വരുന്നത് പിംഗളയിലൂടെയും പുറത്തേയ്ക്കു പോകുന്നത് ഇഡയിലൂടെയുമാണ്. ഈ രണ്ടു നാഡികളും നിശ്ചലമാകുമ്പോൾ ഉണപോലുള്ള നാഡിയായ സുഷുമ്നയിലൂടെയായിരിക്കും പ്രാണൻ സഞ്ചരിക്കുക. അവിടെ പ്രാണൻ എത്തുമ്പോൾ നല്ല സുഖം അനുഭവപ്പെടും. അതാണ് സുഷുമ്നം എന്ന പദത്തിന്റെ നിരുക്തിയും നമുക്ക് പറഞ്ഞുതരുന്നത്. ഈ മൂന്നു നാഡികളാണ് നമ്മുടെ ശരീരത്തിലെ നട്ടെല്ലാകുന്ന സുമേരുപർവ്വതത്തിലെ മൂന്നു കൊടുമുടികൾ. ഇതിൽ മധ്യനാഡിയായ സുഷുമ്നയിലാണ് ദേവിയിരിക്കുന്നത്. അവിടെ അനേകം നഗരങ്ങളുണ്ട്. മൂലാധാരം, സ്വാധിഷ്ഠാനം, മണിപൂരകം, അനാഹതം, വിശുദ്ധി, ആജ്ഞ തുടങ്ങിയ പല ഭാഗങ്ങളുമാണ് ആ നഗരങ്ങൾ. ഇവയിൽ എവിടെയാണ് ദേവി എന്നതിനുള്ള സമാധാനം സഹസ്രാരപദ്മം എന്നാണ്. അവിടെ എത്തണമെങ്കിൽ സുഷുമ്നയിലൂടെ പ്രാണൻ സഞ്ചരിക്കണം. അതിന് ഇഡിയിലൂടെയും പിംഗളയിലൂടെയും ഉള്ള ശ്വാസഗതി നടക്കാതിരിക്കണം. എങ്കിൽമാത്രമേ സുഷുമ്ന തുറക്കുകയുള്ളൂ. ഇഡയിലൂടെയും പിംഗളയിലൂടെയുമുള്ള ശ്വാസഗതി ബലമായി പിടിച്ചുനിർത്താൻ ശ്രമിച്ചാൽ അത് മരണകാരണമാകും. ശരിയായ ഗുരുവില്ലാതെ ഏതുവിധത്തിലുള്ള നിയന്ത്രണോപാധികളും പലരോഗങ്ങൾക്കും കാരണമായേക്കും. എളുപ്പമുള്ള ഒരു വഴി ദേവിയുടെ ഉദ്യദ്ഭാനുസഹസ്രാഭ മുതൽ സർവ്വാഭരണഭൂഷിത വരെയുള്ള നാമങ്ങളുടെ വർണ്ണന മനോമുകുരത്തിൽ കാണാൻ ശ്രമിക്കണം. അപ്പോൾ മനസ്സ് നിശ്ചലമാകും. തത്സമയം പ്രാണനും നില്ക്കും. കാരണം മനസ്സ് പ്രാണന്റെ സൂക്ഷ്മരൂപമാണല്ലോ. അക്കാരണംകൊണ്ടുതന്നെ ഇഡയിലൂടെയും പിംഗളയിലൂടെയുമുള്ള ശ്വാസഗതി നിൽക്കും. തദ്വാരാ സുഷുമ്ന തുറക്കും. പ്രാണന് ചലിക്കാതിരിക്കാൻ സാധ്യമല്ലാത്തതുകൊണ്ട് പ്രാണൻ സുഷുമ്നയിലൂടെ ചലിച്ചുതുടങ്ങും. പ്രാണൻ മൂലാധാരാദികളായ നഗരങ്ങളിലെല്ലാം ചെല്ലും. അവിടെയെല്ലാം നിന്നാൽ ദിവ്യാനുഭൂതികൾ അനുഭവപ്പെടും. അതുകൊണ്ട് അവിടെയൊന്നും നിർത്താതെ നേരെ മുകളിലേയ്ക്ക് കയറി ശ്രീനഗരമാകുന്ന സഹസ്രാരപദ്മത്തിലെത്തിയാൽ ദേവീദർശനം സാധ്യമാകും.

(തുടരും)

# നന്ദികേശ്വര കാശികാ - 9

വ്യാഖ്യാനം : ഡി. പ്രകാശ്

(കഴിഞ്ഞലക്കം തുടർച്ച)

**സൂത്രം 5**

**'ഹ യ വ രട്'**

**15. ഭൂതപഞ്ചകമേതസ്മാ-**
**ദ്ധയവരൺമഹേശ്വരാത്**
**വ്യോമവായ്വംബുവഹ്ന്യാഖ്യ-**
**ഭൂതാന്യാസീത് സ ഏവ ഹി.**

| | | |
|---|---|---|
| തതഃ | - | അനന്തരം |
| മഹേശ്വരാത് | - | മഹേശ്വരനിൽ നിന്ന് |
| ഹ യ വ രട് | - | ഹ യ വ രട് എന്ന സൂത്രം. |
| എതസ്മാത് | - | ഇതിൽ നിന്ന് |
| ഭൂതപഞ്ചകം | - | പഞ്ചഭൂതങ്ങൾ. |
| ഹി | - | എന്തുകൊണ്ടെന്നാൽ |
| വ്യോമവായ്വംബുവ-ഹ്ന്യാഖ്യഭൂതാനി | - | ആകാശം, വായു, ജലം, അഗ്നി, എന്നീ പേരോട് കൂടിയ ഭൂതങ്ങൾ |
| സഃ ഏവ | - | അദ്ദേഹം തന്നെ |
| ആസീത് | - | ആയിരുന്നു. |

'മാഹേശ്വരാണി' എന്നാണല്ലോ 'അ ഇ ഉൺ' എന്നു തുടങ്ങിയ സൂത്രങ്ങൾ പ്രസിദ്ധങ്ങൾ. മഹേശ്വരനിൽനിന്ന് വന്നവയാണിവയെല്ലാം. അതല്ലതെ മനുഷ്യനിർമ്മിതങ്ങളല്ല എന്നർത്ഥം. അതു തന്നെയാണ് ഈ കാരികയിലും പറയുന്നത്. മഹേശ്വരനിൽനിന്നാണ് 'ഹ യ വ രട്' എന്ന സൂത്രം ഉദ്ഭവിച്ചത്. അതുപോലെ 'ഹ യ വ രട്' എന്ന സൂത്രത്തിൽനിന്നാണ് പഞ്ചഭൂതങ്ങളുടെയും ഉല്പത്തി. പഞ്ചഭൂതം എന്ന ഗണത്തിൽപെട്ട ആകാശം, വായു, ജലം, അഗ്നി എന്നിവ മാത്രമാണ് ഈ കാരികയിൽ പറഞ്ഞിട്ടുള്ളത്. അവയാകട്ടെ ആ മഹേശ്വരൻ തന്നെയാണ്.

**16. ഹകാരാദ്വ്യോമസംജ്ഞം ച**
**യകാരാദ്വായുരുച്യതേ**
**രകാരാദ്വഹ്നിസ്തോയം തു**
**വകാരാദിതി സൈവ വാക്**

| | | |
|---|---|---|
| ഹകാരാത് | - | ഹ എന്ന അക്ഷരത്തിൽനിന്ന് |
| വ്യോമസംജ്ഞം | - | ആകാശം എന്ന പേരോടുകൂടിയ ഭൂതമുണ്ടായി. |
| യകാരാത് | - | യ എന്ന അക്ഷരത്തിൽനിന്ന് |
| വായുഃ ച ഉച്യതേ | - | വായു എന്ന ഭൂതമുണ്ടായി എന്ന് പറയപ്പെടുന്നു. |
| രകാരാത് | - | ര എന്ന അക്ഷരത്തിൽനിന്ന് |
| വഹ്നിഃ | - | അഗ്നി എന്ന ഭൂതമുണ്ടായി |
| തോയം തു | - | ജലം എന്ന ഭൂതമാകട്ടെ |
| വകാരാത് ഇതി | - | വ എന്ന അക്ഷരത്തിൽ നിന്നാണ് ഉണ്ടായത് എന്ന് പറയപ്പെടുന്നു. |
| സാ ഏവ | - | ഇവയെല്ലാം തന്നെയാണ് |
| വാക് | - | അക്ഷരം. |

ഏതെല്ലാം വർണ്ണങ്ങളിൽനിന്ന് ഏതെല്ലാം ഭൂതങ്ങളുണ്ടായി എന്ന് പറയുന്നു. ഹകാരത്തിൽനിന്ന് ആകാശവും യകാരത്തിൽനിന്ന് വായുവും രകാരത്തിൽനിന്ന് അഗ്നിയും വാകാരത്തിൽനിന്ന് ജലവും ഉദ്ഭവിച്ചു. ഈ ഭൂതങ്ങൾ എല്ലാംതന്നെ അതത് അക്ഷരങ്ങൾ തന്നെയാണ്. ഹ എന്ന അക്ഷരത്തിനും ആകാശത്തിനും തമ്മിലോ യ, വായു ഇവയ്ക്ക് തമ്മിലോ ര, അഗ്നി ഇവയ്ക്ക് തമ്മിലോ വ, ജലം ഇവയ്ക്ക് തമ്മിലോ യാതൊരു വ്യത്യാസവുമില്ല എന്നർത്ഥം.

**സൂത്രം 6**

**'ലൺ'**

17. **ആധാരഭൂതാനാ-**
    **മന്നാദീനാം ച കാരണം**
    **അന്നാദ്രേതസ്തതോ ജീവഃ**
    **കാരണത്വാല്ലണീരിതം**

| | | |
|---|---|---|
| അന്നാത് | - | ഭക്ഷണത്തിൽനിന്ന് |
| രേതഃ | - | രേതസ്സും |
| തതഃ | - | അതിൽനിന്ന് |
| ജീവഃ | - | ജീവനും |
| ഇതി | - | എന്ന |
| കാരണത്വാത് | - | കാരണത്താൽ |
| അന്നാദീനാം | - | ഭക്ഷണം തുടങ്ങിയവയുടെ |
| കാരണം | - | കാരണവും |
| ഭൂതാനാം | - | ജീവജാലങ്ങളുടെ |
| ആധാരഭൂതം ച | - | ആധാരഭൂതവുമായ |
| ലൺ | - | ലൺ എന്ന സൂത്രം |
| ഈരിതം | - | പറയപ്പെട്ടു. |

നാല് ഭൂതങ്ങളുടെ ഉല്പത്തിയെക്കുറിച്ചാണ് കഴിഞ്ഞ കാരികയിൽ പറഞ്ഞത്. ഇതിൽ പൃഥിവിയെന്ന അഞ്ചാമത്തെ ഭൂതത്തെക്കുറിച്ച് പറയുന്നു. എല്ലാ ജീവജാലങ്ങളുടെയും ആധാരമാണ്. മുളച്ചുണ്ടാകുന്ന വൃക്ഷലതാദികളുടെയും വിയർപ്പിൽനിന്നുണ്ടാകുന്ന കൊതുക് തുടങ്ങിയവയുടെയും പ്രസവിച്ചുണ്ടാകുന്നവയേയും മുട്ടയിൽനിന്ന് ഉണ്ടാകുന്നവയേയും എന്നു തുടങ്ങി സകല പ്രാണികളുടെയും പ്രധാനാധാരം പൃഥിവിയാണല്ലോ. വിശപ്പും ദാഹവും അകറ്റാനുള്ള അന്നപാനാദികളുടെയും കാരണവും പൃഥിവിയാണ്. അന്നത്തിൽനിന്ന് രേതസ്സും രേതസ്സിൽനിന്ന് ജീവനും ഉദ്ഭവിക്കുന്നു എന്നതുകൊണ്ട് ജീവജാലങ്ങളുടെ പ്രധാനാധാരം പൃഥിവി തന്നെ എന്നിവിടെ തീർച്ചപ്പെടുത്തി പറയുന്നു.

ചുരുക്കത്തിൽ ഇവിടെ പ്രസ്താവിച്ചിട്ടുള്ളത് ഇത്രമാത്രമാണ്. സർവ്വത്തിനും പരമകാരണമായിരിക്കുന്ന മഹേശ്വരനെന്ന് വിളിക്കുന്ന ശബ്ദബ്രഹ്മരൂപിയായ ആ പരമാത്മാവിൽനിന്ന് ഹ യ വ രട്, ലൺ എന്നീ സൂത്രങ്ങളും അവ ഓരോന്നിൽനിന്നും ക്രമത്തിൽ ആകാശം, വായു, ജലം, അഗ്നി, പൃഥിവി എന്നീ പഞ്ചഭൂതങ്ങളും ആവിർഭവിച്ചു. അവയ്ക്ക് പരസ്പരം അടിസ്ഥാനമായി യാതൊരു വ്യത്യാസവുമില്ല എന്നുമാണ്. ഇവിടെ 'തസ്മാദ്വാ ഏതസ്മാദാത്മന ആകാശഃ സംഭൂതഃ, ആകാശാദ്വായുഃ, വായോരഗ്നിരഗ്നേരാപോദ്ഭ്യഃ പൃഥിവീ' എന്ന ശ്രുതി സ്മർത്തവ്യമാണ്. ഈ ശ്രുതിവാക്യാർത്ഥത്തിന്റെ അടിസ്ഥാനത്തിൽ ഹ യ വ രട്, ലൺ എന്നീ സൂത്രങ്ങളിലെ അക്ഷരവിന്യാസം എങ്ങനെ എന്തുകൊണ്ട് വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന് അനുബന്ധചർച്ചയ്ക്ക് വഴിയൊരുക്കുന്നു.

(തുടരും)

# സംസ്കൃതപഠനം - 21

ഡി. പ്രകാശ്

---

(കഴിഞ്ഞലക്കം തുടർച്ച)

? കർമ്മണി പ്രയോഗത്തിലെ തൃതീയാവിഭക്തിരൂപങ്ങൾക്ക് ഉദാഹരണങ്ങൾ കൂടുതൽ പറഞ്ഞ് തരുമോ?

कृषकेण केदारः गम्यते। - കർഷകനാൽ വയൽ പോകപ്പെടുന്നു.

छात्रेण कविता श्रूयते। - വിദ്യാർത്ഥിയാൽ കവിത കേൾക്കപ്പെടുന്നു.

कविना पर्वतः वर्ण्यते। - കവിയാൽ പർവ്വതം വർണ്ണിക്കപ്പെടുന്നു.

बालेन चित्रं दृश्यते। - ബാലനാൽ ചിത്രം കാണപ്പെടുന്നു.

मात्रा वस्त्रं प्रक्षाल्यते। - അമ്മയാൽ വസ്ത്രം അലക്കപ്പെടുന്നു.

ഈ ഉദാഹരണങ്ങളിൽ കർത്താവ്, കർമ്മം, ക്രിയ എന്നീ ഘടകങ്ങൾ

ഉണ്ടല്ലോ. ഇവയിൽ കർത്തൃപദങ്ങളായിട്ടുള്ള कृषकः, छात्रः, कविः, बालः, मातृ ശബ്ദങ്ങളെല്ലാം തൃതീയാവിഭക്തിയിലാണ്. ഇതാണ് തൃതീയാവിഭക്തിയുടെ മറ്റൊരു പ്രയോഗസാദ്ധ്യത.

? ഈ കർമ്മണിപ്രയോഗവാക്യങ്ങളിൽ (Passive Voice) കർമ്മക്രിയാപദങ്ങളുടെ പ്രത്യേകതകൾ എന്തെല്ലാം?
കർമ്മം പ്രഥമാവിഭക്തിയിലായിരിക്കും. ക്രിയാ കർമ്മപദത്തിന് അനുസരിച്ചായിരിക്കും.

? ഉദാഹരണത്തിലൂടെ വിശദമാക്കിയാൽ നന്നായിരുന്നു.

छात्रेण पाठः पठ्यते। വിദ്യാർത്ഥിയാൽ പാഠം പഠിക്കപ്പെടുന്നു.

छात्रेण पाठाः पठ्यन्ते। വിദ്യാർത്ഥിയാൽ പാഠങ്ങൾ പഠിക്കപ്പെടുന്നു.

छात्रैः पाठः पठ्यते। വിദ്യാർത്ഥികളാൽ പാഠം പഠിക്കപ്പെടുന്നു.

ഈ മൂന്നു വാക്യങ്ങളും ശ്രദ്ധിക്കുക. ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഇവയാണ്.

1. കർമ്മപദങ്ങൾ പ്രഥമാവിഭക്തിയിലാണ് 'पाठः', 'पाठाः', എന്നിവ.

2. കർമ്മം ഏകവചനത്തിലായപ്പോൾ ക്രിയയും ഏകവചനം. കർമ്മം ബഹുവചനത്തിലായപ്പോൾ ക്രിയയും ബഹുവചനം 'पठ्यते','पठ्यन्ते' എന്നിങ്ങനെ. കർത്താവിന്റെ വചനം മാറുമ്പോൾ ക്രിയയിൽ മാറ്റം വരുന്നില്ല.

? ഇതു മാത്രമാണോ ശ്രദ്ധിക്കാനുള്ളത്. पठति എന്നതുപോലെയല്ലല്ലോ पठ्यते എന്നത്. എന്താണത്?
ക്രിയയുടെ രൂപത്തിൽ വ്യത്യാസം വരും. അത് ആത്മനേപദിയാകും.

? എന്താണീ ആത്മനേപദി?

ക്രിയാപദങ്ങളെ മൂന്നായി തിരിക്കാം. പരസ്മൈപദീ, ആത്മനേപദീ, ഉഭയപദീ എന്നിങ്ങനെ. ക്രിയാപദങ്ങളുടെ മൂലം ധാതുക്കളാണല്ലോ. ആ ധാതുക്കൾ വികാസം പ്രാപിച്ചാണല്ലോ ക്രിയാപദങ്ങളാകുന്നത്. ചില ധാതുക്കൾ പരസ്മൈപദികളും ചിലവ ആത്മനേപദികളും ചിലവ ഉഭയപദികളുമാണ്. ഉഭയപദി എന്നാൽ പരസ്മൈപദിയിലും ആത്മനേപദിയിലും രൂപങ്ങൾ ഉള്ളവ. വർത്തമാനകാലത്തിൽ പരസ്മൈപദി ക്രിയാപദങ്ങൾ 'ति' എന്നവസാനിക്കും. ആത്മനേപദിയാണെങ്കിൽ 'ते' എന്നായിരിക്കും അവസാനിക്കുക. കൂടാതെ ആത്മനേപദി ക്രിയാപദങ്ങൾ ധാതുവിൽനിന്ന് രൂപപ്പെട്ടുവരുമ്പോൾ 'यक्' എന്ന പ്രത്യയം നടുവിൽ വരുന്നതാണ്. അതെല്ലാം വ്യാകരണം പഠിക്കു

മ്പോൾ വരുന്ന കാര്യങ്ങളാകയാൽ ഇവിടെ വിസ്തരിക്കുന്നില്ല.

? ഏതാനും ഉദാഹരണങ്ങൾകൂടി പറയാമോ?

തീർച്ചയായും.

मृगेण शब्दः श्रूयते । മാനിനാൽ ശബ്ദം കേൾക്കപ്പെടുന്നു.

राज्ञा नीतिः उच्यते । രാജാവിനാൽ നീതി പറയപ്പെടുന്നു.

बालकैः गीतानि गीयन्ते । ബാലന്മാരാൽ പാട്ടുകൾ പാടപ്പെടുന്നു.

भ्रमरेण पुष्पाणि घ्रियन्ते । വണ്ടിനാൽ പൂക്കൾ ഘ്രാണിക്കപ്പെടുന്നു.

भक्तेन मालाः दीयन्ते । ഭക്തനാൽ മാലകൾ നല്കപ്പെടുന്നു.

रक्षीपुरुषैः जनः रक्ष्यते । പോലിസുകാരാൽ ജനം രക്ഷിക്കപ്പെടുന്നു.

? തൃതീയാവിഭക്തീരൂപങ്ങളുടെ വാക്യപ്രയോഗമാണല്ലോ പഠിക്കുന്നത്. ഇപ്പോൾ കർമ്മണിപ്രയോഗമായ വാക്യങ്ങളിൽ തൃതീയാരൂപങ്ങൾ വരുന്നു എന്നു കണ്ടു. ഇനി എവിടെയെല്ലാം തൃതീയാരൂപങ്ങൾ പ്രയോഗിക്കാമെന്ന് പറയാമോ?

നോക്കൂ. ഇപ്രകാരം വാക്യങ്ങൾ ഉണ്ട്.

पुत्रेण लिखितम् । പുത്രനാൽ എഴുതപ്പെട്ടത്. (പുത്രൻ എഴുതിയത്)

येशुदासेन गीतम् । യേശുദാസനാൽ പാടപ്പെട്ടത്. (യേശുദാസ് പാടിയത്)

भवता पठितम् । താങ്കളാൽ പഠിക്കപ്പെട്ടു. (താങ്കൾ പഠിച്ചത്)

हनुमता दृष्टा । ഹനുമാനാൽ കാണപ്പെട്ടു. (ഹനുമാൻ കണ്ടത്)

कर्मकरेण पीता । ജോലിക്കാരനാൽ കുടിക്കപ്പെട്ടു. (ജോലിക്കാരൻ കുടിച്ചത്)

अध्यापकेन उक्तः । അദ്ധ്യാപകനാൽ പറയപ്പെട്ടു. (അധ്യാപകൻ പറഞ്ഞത്)

? ഈ വാക്യങ്ങളിൽ തൃതീയാരൂപങ്ങളിലുള്ളതെല്ലാം കർത്തൃപദങ്ങളാണെന്ന് മനസ്സിലായി. എന്നാൽ 'लिखितम्' എന്ന് തുടങ്ങിയ പദങ്ങൾ എല്ലാ ലിംഗങ്ങളിലും ഉള്ളതായി കാണുന്നുവല്ലോ. അതുകൊണ്ട് അവയെല്ലാം എങ്ങനെ ക്രിയാപദങ്ങളാകും?

ഇതിലുള്ള ലിഖിതം തുടങ്ങിയ പദങ്ങൾ ക്രിയാപദങ്ങളല്ല. ഈ വാക്യങ്ങളിലെല്ലാം അസ്തി എന്നോ ഭവതി എന്നോ ഉള്ള ക്രിയാപദം. നാം പ്രയോഗിക്കണം. സംസാരഭാഷയിൽ ക്രിയാപദമില്ലാതെ അർത്ഥം വ്യക്തമാകുമെങ്കിലും അല്ലാത്ത സ്ഥലങ്ങളിൽ ക്രിയാപദം പ്രയോഗിക്കണം. മാത്രമല്ല കർമ്മപദവും ഉപയോഗിക്കണം . അത് ഇപ്രകാരം :

पुत्रेण पत्रं लिखितम् अस्ति / पुत्रेण लिखितं पत्रम् अस्ति ।

പുത്രനാൽ കത്ത് എഴുതപ്പെട്ടു / പുത്രനാൽ എഴുതപ്പെട്ട കത്തുണ്ട് .

ഇവിടെ

पुत्रेण = കർത്താവ്

पत्रं = കർമ്മം

लिखितम् = കർമ്മവിശേഷണം

अस्ति = ക്രിയ

ലിഖിതം കർമ്മവിശേഷണമാകയാൽ കർമ്മത്തിന്റെ വചനങ്ങളും ലിംഗങ്ങളും വിഭക്തികളും അതിന്റെ വിശേഷണങ്ങൾക്കും വരും. അപ്രകാരം പത്രം നപുംസകമാകയാൽ ലിഖിതം നപുംസകമയി. പുത്രനാൽ എഴുതപ്പെട്ട കത്തുണ്ട് എന്ന് അർത്ഥം പറയുന്നതിലും തെറ്റില്ല.

ഇതു ശ്രദ്ധിക്കു :

1. पुत्रेण पत्रं लिखितम्।

   പുത്രനാൽ കത്ത് എഴുതപ്പെട്ടു.

2. कविना कविता लिखिता।

   കവിയാൽ കവിത എഴുതപ്പെട്ടു.

3. प्रधानमन्त्रिणा सन्देशः लिखितः।

   പ്രധാനമന്ത്രിയാൽ സന്ദേശം എഴുതപ്പെട്ടു.

? ഇതു മുൻ പറയപ്പെട്ട ഉദാഹരണങ്ങളുടെ വിഭിന്നലിംഗങ്ങളിലുള്ളവ വാക്യത്തിൽ പ്രയോഗിച്ചു കാണിക്കാമോ ?

1. हनुमता काननं दृष्टम्।

   ഹനുമാനാൽ കാട് കാണപ്പെട്ടു.

   हनुमता सीता दृष्टा।

   ഹനുമാനാൽ സീത കാണപ്പെട്ടു.

   हनुमता रामः दृष्टः।

   ഹനുമാനാൽ രാമൻ കാണപ്പെട്ടു.

2. कर्मकरेण जलं पीतम्।

   പണിക്കാരനാൽ വെള്ളം കുടിക്കപ്പെട്ടു.

   कर्मकरेण श्राणा पीता।

   പണിക്കാരനാൽ കഞ്ഞിവെള്ളം കുടിക്കപ്പെട്ടു.

   कर्मकरेण नरङ्गरसः पीतः।

   പണിക്കാരനാൽ നാരങ്ങവെള്ളം കുടിക്കപ്പെട്ടു.

3. अध्यापकेन विषयः उक्तः।

അദ്ധ്യാപകനാൽ വിഷയം പറയപ്പെട്ടു.

अध्यापकेन उत्तरं उक्तं ।

അദ്ധ്യാപകനാൽ ഉത്തരം പറയപ്പെട്ടു.

अध्यापकेन गीता उक्ता ।

അദ്ധ്യാപകനാൽ ഗീത പറയപ്പെട്ടു.

4. भवता गद्यं पठितम् ।

താങ്കളാൽ ഗദ്യം പഠിക്കപ്പെട്ടു.

भवता श्लोकः पठितः ।

താങ്കളാൽ ശ്ലോകം പഠിക്കപ്പെട്ടു.

भवता कविता पठिता ।

താങ്കളാൽ കവിതാ പഠിക്കപ്പെട്ടു.

കഴിഞ്ഞപാഠത്തിൽ തൃതീയാരൂപങ്ങൾ കണ്ടുപിടിക്കാനും അവ വച്ച് വാക്യങ്ങൾ നിർമ്മിക്കുവാനും ചില ശബ്ദങ്ങൾ തന്നിട്ടുണ്ടായിരുന്നു. നിങ്ങൾ അവ കണ്ടുപിടിക്കുകയും വാക്യങ്ങൾ എഴുതുകയും ചെയ്തിട്ടുണ്ടാവും എന്ന് വിചാരിക്കുന്നു.

ആ ശബ്ദങ്ങളുടെ തൃതീയാരൂപങ്ങളും വാക്യപ്രയോഗങ്ങളും താഴെ കൊടുക്കുന്നു.

1. कन्दुक - कन्दुकेन

बालाः कन्दुकेन क्रीडन्ति ।

ബാലന്മാർ പന്ത് കളിക്കുന്നു.

2. रावण - रावणेन

हनुमान् रावणेन समं सम्भाषते ।

ഹനുമാൻ രാവണനോട് കൂടെ സംസാരിക്കുന്നു.

3. राशि - राशिना

आकाशे चन्द्रः नक्षत्राणां राशिना समावृतः ।

ആകാശത്തിൽ ചന്ദ്രൻ നക്ഷത്രങ്ങളുടെ സമൂഹത്താൽ സമാവൃതനാണ്.

4. कीर्ति - कीर्त्या

कृष्णः कीर्त्या शोभते ।

കൃഷ്ണൻ കീർത്തിയാൽ ശോഭിക്കുന്നു.

5. तरु - तरुणा

पर्वतः तरुणा शोभते ।

പർവ്വതം വൃക്ഷത്താൽ ശോഭിക്കുന്നു.

6. तनु - तनुना

सज्जनः वृक्षः तनुना अन्यस्य छायां करोति।

സജ്ജനമായ വൃക്ഷം ശരീരംകൊണ്ട് മറ്റുള്ളവർക്ക് തണലേകുന്നു.

7. माया - मायया

महाविष्णुः मायया सार्धं जायते।

മഹാവിഷ്ണു മായയോടൊപ്പം ജനിക്കുന്നു.

8. नदी - नद्या

नद्या परिवृता भूमिः एव द्वीपः।

നദിയാൽ ചുറ്റപ്പെട്ട ഭൂമിതന്നെയാണ് ദ്വീപ്.

9. भ्रातृ - भ्रात्रा

बालः भ्रात्रा सह विद्यालयं गच्छति।

ബാലൻ സഹോദരനോടൊപ്പം വിദ്യാലയത്തിൽ പോകുന്നു.

10. स्वसृ - स्वस्रा

रमणी स्वस्रा सह देवमन्द्रिरं गच्छति।

രമണി സഹോദരിയോടൊപ്പം അമ്പലത്തിൽ പോകുന്നു.

(തുടരും)

# സാമാന്യ വാസ്തുനിയമങ്ങൾ

**രാധാകൃഷ്ണൻ ശിവൻ**
(ഗവേഷകൻ, വാസ്തുവിദ്യാ വിഭാഗം, സംസ്കൃത സർവ്വകലാശാല, കാലടി)

വാസ്തുശാസ്ത്രം വേദകാലം മുതൽക്കേ നിലനിന്നിരുന്ന ഭാരതീയ നിർമ്മാണശാസ്ത്രമാണ്. ഗൃഹം-ക്ഷേത്രം-വാഹനം-ശയന-ആസനങ്ങൾ തുടങ്ങി എല്ലാ നിർമ്മാണത്തിലും വാസ്തുശാസ്ത്ര സ്വാധീനം നിലനിന്നിരുന്നു. പ്രപഞ്ച ശക്തികൾക്ക് അനുസരിച്ചുള്ള ജീവിതശൈലിയാണ് വാസ്തുശാസ്ത്രത്തിന്റെ അടിസ്ഥാനം. അടിസ്ഥാന തത്വങ്ങളിൽനിന്നുകൊണ്ട് ഒരു ഹോമകുണ്ഡത്തിൽ തുടങ്ങി നഗര, ഗ്രാമ, പട്ടണങ്ങൾവരെ രൂപകല്പന ചെയ്യാനുള്ള വിശാലത വാസ്തുശാസ്ത്രത്തിനുണ്ട്.

**ഉത്തമപുരയിടത്തിന്റെ ലക്ഷണം**

ആവാസ നിർമ്മാണത്തിന്റെ ആദ്യപടിയായ ഭൂസ്വീകരണം മുതൽക്കേ

വാസ്തുശാസ്ത്രത്തിന് പ്രാധാന്യമുണ്ട്. അടിസ്ഥാനദിശകളായ കിഴക്ക്, തെക്ക്, പടിഞ്ഞാറ്, വടക്ക് ദിശകളിലേയ്ക്ക് അഭിമുഖീകരിച്ചുള്ള ഭൂമിയാണ് ഏറ്റവും ഉചിതം. ക്ഷേത്രം, പ്രധാന മാർഗ്ഗം എന്നിവകളിലേയ്ക്കുള്ള ദർശനം ഉത്തമമാണ്.

ചതുരാകൃതിയാണ് ഏറ്റവും ഉചിതമായ ആകൃതി. ഒരേ നിരപ്പിലുള്ളതും എന്നാൽ വടക്കോട്ടും കിഴക്കോട്ടും വെള്ളം ഒഴുകത്തക്കവണ്ണമുള്ള ചെരിവും ഉത്തമഭൂമിയുടെ ലക്ഷണങ്ങളാണ്. മുൻപറഞ്ഞതിന് വിപരീതമെങ്കിൽ ഗൃഹം പണിയുവാൻ ഉദ്ദേശിക്കുന്ന ഭാഗം കൃത്യമായി ഉത്തമരീതിയിലേയ്ക്ക് മാറ്റണം.

**ക്ഷേത്ര സമീപത്തെ നിർമ്മാണം**

ഗൃഹത്തിന് ഉചിതസ്ഥാനം തിരഞ്ഞെടുക്കുമ്പോൾ ദേവാലയങ്ങളുടെ അതിസാമീപ്യം ഒഴിവാക്കണം. ക്ഷേത്രത്തിലെ പ്രതിഷ്ഠ അനുസരിച്ചാണ് ദണ്ഡളവ് നിശ്ചയിക്കുന്നത്. കാവുകളോ മറ്റ് ദേവതാസങ്കല്പമുള്ള ഭൂമിയോ നിർമ്മാണത്തിന് ഒരിക്കലും സ്വീകരിക്കരുത്. കൃത്യമായ മണ്ണ് പരിശോധനയിലൂടെയും ഉചിത ഭൂമി സ്വീകരിക്കണം.

**മുറികളുടെ സ്ഥാനം**

ഗൃഹത്തിന്റെ ദർശനത്തിന് അനുസരിച്ചാണ് മുറികളുടെ സ്ഥാനം പരിഗണക്കേണ്ടത്. എങ്കിലും പൊതുവായി ഉത്തമങ്ങളും ശാസ്ത്രപ്രോക്തമായതുമായ സ്ഥാനങ്ങൾ സൂചിപ്പിക്കാം. ഗൃഹത്തിന്റെ പ്രധാന കിടപ്പുമുറികൾ എപ്പോഴും തെക്ക്-പടിഞ്ഞാറ്, വടക്ക്, പടിഞ്ഞാറ് ഭാഗങ്ങളിൽ വരുന്നത് ഉചിതമാണ്. പ്രായമായവർക്ക് മുറിയും പഠനമുറിയും വടക്ക്-കിഴക്ക് ഭാഗത്ത് വരുന്നതും നല്ലതാണ്. അടുക്കളയ്ക്ക് തെക്ക്-കിഴക്ക്, വടക്ക്-പടിഞ്ഞാറ് സ്ഥാനങ്ങളും ഉത്തമങ്ങളാണ്. മധ്യ-വടക്കൻ കേരളത്തിൽ അടുക്കള വടക്ക്-കിഴക്ക് ഭാഗത്തും വരാം. കിഴക്കോട്ട് ദർശനമായി വരുന്ന അടുക്കളയാണ് ശുഭദായകങ്ങളായിട്ടുള്ളത്. തെക്ക്, പടിഞ്ഞാറ്, തെക്ക്-പടിഞ്ഞാറ് ദിശകളിൽ അടുക്കള ഒട്ടും ഉചിതമല്ല. ശൗചാലയങ്ങൾ തെക്ക്-പടിഞ്ഞാറ്, വടക്ക്-കിഴക്ക് ഭാഗങ്ങളിലും വീടിന്റെ മധ്യസൂത്രങ്ങളിലും വരാൻ പാടുള്ളതല്ല. കിടപ്പുമുറികളിൽ ചുവപ്പ്, മഞ്ഞ എന്നീ നിറങ്ങൾ ഒഴിവാക്കുകയും തെക്കോട്ടോ കിഴക്കോട്ടോ ശിരസ്സ് വരത്തക്കവണ്ണം കിടപ്പുമുറി ക്രമീകരിക്കുകയും ചെയ്യണം. വാതിലിനു നേർക്ക് കാലുകളും തലയും വരത്തക്കവണ്ണം ഒരിക്കലും കിടക്കരുത്.

**വീടുകൾ പുതുക്കി പണിയുമ്പോൾ**

ഇക്കാലത്ത് വാസ്തു അനുസരിച്ചോ അല്ലാതെയോ നിർമ്മിച്ച വീടുകൾ ആധുനിക സൗകര്യങ്ങൾക്കും ആവശ്യങ്ങൾക്കും അനുസരിച്ച് പുതുക്കി പണിയുന്ന പ്രവണത കൂടുതൽ കണ്ടുവരുന്നുണ്ട്. ഇത്തരത്തിൽ പുതുക്കി പണിയുമ്പോൾ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. വീടുകൾ പുതുക്കി പണിയുമ്പോൾ ഗൃഹമധ്യസൂത്രങ്ങൾക്ക് ഹാനി വരാതിരിക്കാൻ ശ്രദ്ധിക്കണം. മധ്യ നേർരേഖയിൽ ഭിത്തി ഇല്ലാതിരിക്കുന്നതാണ് ഉചിതം. കഴിയാവുന്നത്ര വായു പ്രവാഹത്തിന് അനുയോജ്യമായിരിക്കണം. വീടിന് എല്ലാ ദിശകളുടെയും സന്തുലനം ഉറപ്പുവ

രുത്തി കൃത്യമായ ആകൃതിയോടുകൂടിയതും 90 ഡിഗ്രിയിൽ ഭിത്തികൾ സന്ധിക്കത്തക്കവണ്ണവും രൂപകല്പന ചെയ്യേണ്ടതാണ്. മതിലിനോടു ചേർത്ത് വീട് വയ്ക്കരുത്. പ്രധാന ദ്വാരത്തിന് നേർക്ക് തടസ്സം വരുന്ന വിധത്തിൽ തൂൺ, വൃക്ഷങ്ങൾ, റോഡ്, കാന എന്നിവ ഉണ്ടാകരുത്. 16 ചതുരശ്രമീറ്ററിനേക്കാൾ ഉയർന്ന വിസ്താരമുള്ള മുറികൾക്ക് 5 കോൽ 2 വിരൽ (366 സെ.മീ) ഉയരവും അതിനേക്കാൾ വിസ്താരം കുറഞ്ഞവയ്ക്ക് 4 കോൽ 2 വിരൽ (294 സെ.മീ) ഉയരവുമാണ് അഭികാമ്യം.

ഇപ്രകാരം വാസ്തുശാസ്ത്രത്തിന് അനുയോജ്യമായ രീതിയിൽ പ്രപഞ്ചശക്തികൾക്ക് അനുകൂലമായി നിർമ്മിക്കുന്ന പാർപ്പിടങ്ങൾ അതിൽ താമസിക്കുന്നവർക്ക് സുഖാരോഗ്യ ഐശ്വര്യദായകമായിരിക്കും എന്നതിൽ സംശയലേശമില്ലതന്നെ.

**'ലക്ഷണഹീനേ ധാമനി**
**വസതാമശുഭാനി സംഭവന്ത്യേവ**
**ജന്മാദ്യപിധാനാന്തം മനസാം**
**നിശ്ചിത്യകാരയേത്തസ്മാത്.'**

# ഭഗവദ്ഗീതാ - ഒരു പുനർവായന

എൽ. ഗിരീഷ്കുമാർ

## മുഖമൊഴി

ഭാരതീയ സംസ്കാരം ലോകസമക്ഷം വച്ച ഏറ്റവും ഉജ്ജ്വലമായ ഒരു ഗ്രന്ഥമാണ് ശ്രീമദ്ഭഗവദ്ഗീത. ശാസ്ത്രപണ്ഡിതന്മാർക്ക് ഇതൊരു വഴികാട്ടിയാണ്. അവർ തങ്ങളുടെ വാദങ്ങൾ സമർത്ഥിക്കുവാൻ ഭഗവദ്ഗീത ഒരു ആധികാരികഗ്രന്ഥമായി സ്വീകരിക്കുകയും വ്യാഖ്യാനം നടത്തുകയും ചെയ്യാറുണ്ടായിരുന്നു. ശ്രീകൃഷ്ണപരമാത്മാവ് യുദ്ധക്കളത്തിലെ തേർത്തടത്തിൽ തളർന്നിരിക്കുന്ന അർജ്ജുനനെ പ്രബുദ്ധനാക്കുവാൻ ഉപദേശിക്കുന്നതാണ് ഗീത. തന്റെ മുമ്പിൽ വന്നുഭവിച്ച പ്രതിസന്ധിയെ നേരിടാൻ വൈമുഖ്യം കാണിച്ച് തേർത്തടത്തിൽ നിഷ്ക്രിയനും തളർന്നും ഇരിക്കുന്ന അർജ്ജുനനെ ആ വൈമുഖ്യത്തിൽനിന്ന് പിന്തിരിപ്പിച്ച് ജീവിത യാഥാർത്ഥ്യങ്ങളെ നേരിടാൻ സജ്ജമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ശ്രീകൃഷ്ണപരമാത്മാവ് ഗീതോപദേശം നടത്തിയത്. അതുകൊണ്ട് ആധുനിക കാലഘട്ടത്തിലെ ടോക്ക് തെറാപ്പിയിൽ ഗീതയെ ഉൾപ്പെടുത്താം. ഗീത ഒരു ഹോളീവുഡ് ചിത്രമായിതീർന്നതും ഗീതയുടെ ടോക്ക് തെറാപ്പി വൈഭവത്തെ മനസ്സിലാക്കിയതുകൊണ്ടുതന്നെയാണ്.

## ഗീതാശ്രവണം ചതുർവിധം

ശ്രുതം - ഭഗവദ്ഗീത വിവിധതലത്തിൽനിന്ന് കേൾക്കാം. ഗീത ആദ്യമാ

യി കേൾക്കുന്നത് നാലു പേരാണ്. ശ്രീകൃഷ്ണഭഗവാൻ, അർജ്ജുനൻ, സഞ്ജയൻ, ധൃതരാഷ്ട്രർ എന്നിവരാണവർ. ശ്രീകൃഷ്ണഭഗവാനാണ് ഗീത പറയുന്നതെങ്കിലും പറയുന്ന ആളും കേൾക്കും എന്നതുകൊണ്ട് ഭഗവാനെയും ഒരു ശ്രോതാവായി സ്വീകരിക്കാം. ഭഗവാന്റെ തലത്തിൽനിന്നുകൊണ്ടുള്ള കേൾവി ശ്രൗതം എന്നു പറയാം. ഭഗവാൻ പരമാത്മാവായതുകൊണ്ടും പരമാത്മാവിന്റെ വാക്കുകൾ അപൗരുഷേയങ്ങളായതുകൊണ്ടും അപൗരുഷേയമായവ ശ്രുതിയായതുകൊണ്ടും ഭഗവാൻ കേട്ട തലം ശ്രൗതമാകുന്നു. ഏറ്റവും പ്രാമാണികവും ഉന്നതവുമായ കേൾവി ശ്രൗതമാണ്. ശ്രൗതമായ ഗീത ഒരിടത്തും എഴുതിവച്ചിട്ടില്ല എന്ന് നിസ്സംശയം പറയാം. ശ്രൗതമായത് ഗുരുമുഖത്തുനിന്ന് നേരിട്ട് കേട്ട് മനസ്സിലാക്കുവാനേ സാധിക്കു.

**സ്മാർത്തം**

ഗീത രണ്ടാമതായി കേട്ടത് അർജ്ജുനനാണ്. അർജ്ജുനൻ ഗീത കേട്ടതും മനസ്സിലാക്കിയതും തന്റെ അറിവുകളുടെയും ഓർമ്മകളുടെയും പശ്ചാത്തലത്തിലാണ്. ഓർമ്മകളുടെയും അനുഭവിച്ച അറിവുകളുടെയും പശ്ചാത്തലത്തിലുള്ള കേൾവിയെ സ്മൃതിയുടെ തലത്തിലുള്ള കേൾവിയെന്ന് പറയാം. അതുകൊണ്ട് ആ കേൾവിയെ സ്മാർത്തമെന്ന് വിളിക്കുന്നു. ഇന്ന് നമുക്ക് ലഭ്യമായ എല്ലാ ഗീതാവ്യാഖ്യാനങ്ങളും സ്മൃതിയുടെ തലത്തിൽ രചിച്ചവയാണ്.

**പൗരാണികം**

മൂന്നാമതായി ഗീത കേട്ടത് സഞ്ജയനാണ്. സഞ്ജയനിത് ധൃതരാഷ്ട്രരോട് പറയുന്നത് പത്തു ദിവസങ്ങൾക്കു ശേഷമാണ്. യുദ്ധക്കളത്തിൽ യുദ്ധം കാണാൻ പോയി തിരിച്ചുവന്ന സഞ്ജയൻ അവിടെ നടന്ന വിശേഷങ്ങൾ ധൃതരാഷ്ട്രരോട് പറയുന്നു. അപ്പോൾ ധൃതരാഷ്ട്രരിൽ ഉണർന്ന ആകാംക്ഷയ്ക്ക് സമാധാനമായിട്ടാണ് മഹാഭാരതയുദ്ധത്തെ സഞ്ജയൻ വാക്കുകളാൽ വരച്ചു കാണിക്കുന്നത്. ഇപ്രകാരം പത്തു ദിവസങ്ങൾക്ക് ശേഷമാണ് സഞ്ജയൻ ധൃതരാഷ്ട്രരോട് പറയുന്നത്. പത്തു ദിവസങ്ങൾക്കു മുമ്പ് നടന്നത് പഴയതായി. അതുകൊണ്ടതിനെ പുരാണമെന്ന് പറയാം. അതുകൊണ്ട് സഞ്ജയൻ കേട്ടതുപോലുള്ള കേൾവി പൗരാണികം.

**ലൗകികം**

നാലാമത് ഗീത കേട്ടത് ധൃതരാഷ്ട്രരാണ്. ഗീത ധൃതരാഷ്ട്രരുടെ കണ്ണു തുറപ്പിച്ചില്ല. കണ്ണ് തുറക്കാത്തവിധം കേൾക്കുന്നത് ലൗകികമായ കേൾവി. തളർന്നിരുന്ന അർജ്ജുനൻ ഗീത കേട്ട് പ്രബുദ്ധനായതുപോലെ നിരവധി തവണ ഗീത കേട്ടിട്ടും നമ്മളാരും പ്രബുദ്ധരാകുന്നത് കാണുന്നില്ല. അതുകൊണ്ട് നമ്മൾ ഗീത കേൾക്കുന്നത് ധൃതരാഷ്ട്രരുടെ തലത്തിൽനിന്നുകൊണ്ടാണെന്ന് പറയേണ്ടിവരും. അർജ്ജുനൻ കേട്ടതുപോലെയാണ് നമ്മൾ കേട്ടതെങ്കിൽ കേട്ടതിനു ശേഷം നമ്മളിൽ വ്യത്യാസമുണ്ടാകണമായിരുന്നു. ലോകത്ത് അധർമ്മത്തിനും അനാശാസ്യപ്രവർത്തനങ്ങൾക്കും വലിയ കുറവൊന്നുമുണ്ടാകുന്നില്ല എന്നതി

നാൽ ഇപ്പോഴുള്ള നമ്മുടെ ഗീതാശ്രവണം ധൃതരാഷ്ട്രസമാനമാണ്. അകക്കണ്ണ് തുറപ്പിക്കാൻ സമർത്ഥമല്ലാത്തവിധമുള്ള സാമാന്യലോകരുടെ ഗീതാശ്രവണ ത്തെ ലൗകികം എന്ന് പറയുന്നു.

(തുടരും)

# കുട്ടികളുടെ വാത്മീകി രാമായണം



ഉണ്ണികൃഷ്ണൻ കിഴുത്താനി

(ലോകത്തിലെ എല്ലാ കുട്ടികളുടേയും മാനസികാരോഗ്യത്തിനും മൂല്യബോധസംര ക്ഷണത്തിനുമായി സമർപ്പിക്കുന്നു.)

---

രാമായണവും മഹാഭാരതവും ഭാരതസംസ്കാരത്തിന്റെ മഹത്തായ ഈടുവ യ്പുകളാണ്. ഉദാത്തമായ സമൂഹസൃഷ്ടിക്ക് ഉദാഹരണമായ ഇവയിലെ കഥാപാ ത്രങ്ങൾ എല്ലാംതന്നെ ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ ഭാരതീയർ ക്ക് മാർഗ്ഗദർശകമായിട്ടുണ്ട്. മനുഷ്യനും പ്രകൃതിയും എപ്രകാരം സമരസപ്പെട്ട് ജീവിക്കുന്നു; അധികാരം, ഭരണരീതി, നേതൃത്വശൈലി, ഭരണാധികാരികളും ജനങ്ങളും എപ്രകാരമായിരിക്കണം; ഇതിനെല്ലാമുള്ള കാലാതിവർത്തിയായ മറുപടി ഇതിഹാസങ്ങൾ പകർന്നുതരുന്നു. ഋഷിപ്രോക്തമാണ് ഭാരതസംസ്കാ രം. ലോകനന്മയ്ക്കായി എല്ലായ്പ്പോഴും പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന, തപസ്സനുഷ്ഠി ച്ചുകൊണ്ടിരിക്കുന്ന മഹർഷിവര്യന്മാർ ഭൂത-വർത്തമാന-ഭാവികളെ സംയോ ജിപ്പിച്ച് മനുഷ്യവംശത്തിന് നേർവഴി കാണിച്ചുതരുന്നു.

ഇക്ഷ്വാകു വംശത്തിൽ ജനിച്ച ശ്രീരാമചന്ദ്രന്റെ, സർവ്വസദ്ഗുണസമ്പൂർ ണ്ണനായ ആ മഹാരാജാവിന്റെ, സജീവചിത്രം മനോഹരമായി മനുഷ്യഹൃദയ ത്തിൽ ആഴത്തിൽ പതിയുംവിധത്തിൽ രൂപപ്പെടുത്തിയത് ഉത്തമനായ വാല്മീ കി മഹർഷിയാണ്. നന്മയാണ് ലോകത്തിന്നാവശ്യമെന്നും തിന്മയുടെ ആക്രമ ണം നന്മയുടെ ശോഭയ്ക്ക് കുറവുവരുത്തുകയില്ലെന്നും കൃതകൃത്യനായ മഹർഷിവ ര്യൻ രാമചരിതത്തിലൂടെ വ്യക്തമാക്കുന്നു. മഹത്തായ ഭാരതീയ സംസ്കാരങ്ങൾ പലതും ഉടലെടുത്തതും ഉന്നതിയിലെത്തിയതും നദീതീരങ്ങളിലാണ്. പുണ്യ നദിയായ 'സരയൂ' തീരത്ത് 'കോസലം' എന്ന രാജ്യം ഭരിച്ചിരുന്നത് ദശരഥ മഹാരാജാവായിരുന്നു. 'മനു'വിനാൽ നിർമ്മിതമായ 'അയോദ്ധ്യ'യായിരുന്നു അതിന്റെ തലസ്ഥാനം. ഐശ്വര്യസമ്പൂർണ്ണമായ പ്രകൃതിരമണീയമായ ഈ രാജ്യത്തിലെ സദ്ഗുണസമ്പന്നരായ ജനങ്ങൾ മഹാരാജാവിന് സകലവിധ സഹായസഹകരണങ്ങളും നല്കി മറ്റു രാജ്യങ്ങൾക്കുപോലും മാതൃകയാക്കി. ദ ശരഥന്റെ ഭരണകാലത്ത് അയോദ്ധ്യ ദേവനഗരിയായ 'അമരാവതി'യേക്കാൾ ഐശ്വര്യപൂർണ്ണമായിരുന്നു. ജനങ്ങൾ ധർമ്മിഷ്ഠരും സത്യസന്ധരും സന്തുഷ്ട

രുമായിരുന്നു. അതിഥിപൂജയ്ക്ക് പേരുകേട്ട ഇവിടെ, മറ്റ് പ്രദേശങ്ങളിൽനിന്ന് കച്ചവടക്കാരും പണ്ഡിതന്മാരും മറ്റ് വൈദഗ്ദ്ധ്യമുള്ളവരും എത്തിച്ചേർന്ന് അക്ഷരാർത്ഥത്തിൽ ദേവലോകത്തിന്റെ പ്രതീതി സൃഷ്ടിച്ചു. അങ്ങനെ 'ആക്രമിക്കപ്പെടാൻ കഴിയാത്തത്' എന്ന അയോദ്ധ്യാപദത്തിന് തീർത്തും അനുയോജ്യമായിത്തീർന്നു ഇവിടം.

വസിഷ്ഠനും വാമദേവനുമായിരുന്നു മഹാരാജാവിന്റെ മുഖ്യപുരോഹിതശ്രേഷ്ഠന്മാർ. ജയന്തൻ, ധൃഷ്ടി, വിജയൻ, സിദ്ധാർത്ഥൻ, അർത്ഥസാധകൻ, അശോകൻ, മന്ത്രപാലൻ, സുമന്ത്രൻ എന്നീ എട്ടു മന്ത്രിമാർ ചേർന്ന് ഭരണകാര്യങ്ങൾ തടസ്സമില്ലാതെ നിർവ്വഹിച്ചുപോന്നു. ഇവരെല്ലാം ഭരണതലങ്ങളിലും ധർമ്മനീതിയിലും പേരുകേട്ടവരായിരുന്നു. ഇത്രമാത്രം ശ്രേഷ്ഠമായ രാജ്യത്തിനുടമയായിട്ടും ദശരഥൻ സദാ ദുഃഖിതനായിരുന്നു. കൗസല്യ, സുമിത്ര, കൈകേയി എന്നീ മൂന്നു പത്നിമാരിലും അദ്ദേഹത്തിന് സന്താനങ്ങളുണ്ടായില്ല. അനന്തരാവകാശികളില്ലാത്ത അവസ്ഥ അദ്ദേഹത്തെ തീരാദുഃഖത്തിലാഴ്ത്തി. അക്കാലത്ത് ഇതിനെല്ലാം പോംവഴി കണ്ടെത്തി പരിഹാരങ്ങൾ നിർദ്ദേശിച്ചിരുന്നത് ലോകനന്മ മാത്രം ഉദ്ദേശിച്ച് പ്രവർത്തിക്കുന്ന മഹർഷി ശ്രേഷ്ഠന്മാരായിരുന്നു. കുലഗുരുവായ വസിഷ്ഠന്റേയും വാമദേവൻ, ജാബാലി, കാശ്യപൻ തുടങ്ങിയവരുടേയും ഉപദേശമനുസരിച്ച് പ്രസിദ്ധമായ അശ്വമേധയാഗം നടത്താൻ നിശ്ചയിച്ചു.

(തുടരും)

# ദത്താത്രേയ ഗീത

ദാമോദരൻ നമ്പൂതിരി, കോതമംഗലം.

(കഴിഞ്ഞലക്കം തുടർച്ച)

ശ്രീമദ്ഭാഗവതം ഏകാദശസ്കന്ധത്തിലെ യദു-ദത്താത്രേയ സംവാദത്തിൽ തുടർന്ന് നാം കാണുന്നത് വിദേഹ നഗരത്തിലെ പിംഗള എന്ന വേശ്യയുടെ കഥയാണ്. പിംഗളയുടെ സൗന്ദര്യത്തിൽ ആകൃഷ്ടരായി സമീപിക്കുന്ന കാമുകന്മാരിൽനിന്നും അവൾ വളരെയധികം ധനം സമ്പാദിച്ചു. ഒരിക്കൽ കാമുകന്മാരെ പ്രതീക്ഷിച്ചിരിക്കുന്ന പിംഗളയ്ക്ക് നിരാശയായി. അന്ന് ആരും തന്നെ സമീപിച്ചില്ല. തനിക്ക് നഷ്ടമായ ധനത്തെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കുന്ന അവൾക്ക് പ്രഭാതമാവാറായപ്പോഴേയ്ക്കും ജന്മാന്തര സുകൃതത്താൽ വിവേകമുദിച്ചു. തന്നിൽ വിളങ്ങുന്ന ഈശ്വരനെ മറന്ന് കേവലം മലിനമായ ശരീരത്തെ സുഖത്തിനുള്ള ഉപാധിയെന്ന് ധരിച്ച് കാലം വ്യർത്ഥമാക്കി.

അമൂല്യമായ രത്നം മടിയിൽ വച്ചുകൊണ്ട് "കാക്കപ്പൊന്ന്" നേടാൻ പരിശ്രമിക്കുന്നതുപോലെ ഞാൻ വൃഥാ ധനസമ്പാദനത്തിനും സുഖം പ്രദാനം ചെയ്യുമെന്ന് കരുതുന്ന പദാർത്ഥങ്ങളെ നേടാനും വേണ്ടി ഇത്രയും കാലം കഴിച്ചുകൂട്ടി.

# STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT TRIMONTHLY

FORM I

## SHAAMBHAVI

See Rule 3

| | | |
|---|---|---|
| 1. Place of Publication | : | Thrissur |
| 2. Periodicity of publication | : | Quarterly |
| 3. Printer's Name | : | Sreekanth C. |
| Nationality | : | Indian |
| Address | : | Shripuram Publications<br>Madayikonam (Post)<br>Irinjalakuda, Thrissur<br>Kerala, India - 680 712 |
| 4. Publisher's Name | : | Sreekanth C. |
| Nationality | : | Indian |
| Address | : | Shripuram Publications<br>Madayikonam (Post)<br>Irinjalakuda, Thrissur<br>Kerala, India - 680 712 |
| 5. Editor's Name | : | D. Prakash |
| Nationality | : | Indian |
| Address | : | Shripuram Trust<br>Madayikonam (Post)<br>Irinjalakuda, Thrissur<br>Kerala, India - 680 712 |
| 5. Owner's Name | : | Shripuram Publications |
| Address | : | Shripuram Trust<br>(Reg. No. 201/IV/2005)<br>Madayikonam (Post)<br>Irinjalakuda, Thrissur<br>Kerala, India - 680 712 |
| 6. Printed at | : | Mama Printers,<br>Nada, Irinjalakuda<br>Thrissur. |

I, Sreekanth C., hereby declare that the particulars given above are true to the best of my knowledge and belief.

Irinjalakuda
14/02/2012

**SREEKANTH C.**
**PUBLISHER**

സുഖം തരുന്നുവെന്ന് കരുതുന്ന ശരീരം വാസ്തവത്തിൽ ഇപ്രകാരമുള്ളതാണ്; അസ്ഥിനിർമ്മിതമായ ചട്ടക്കൂടും രക്തമാംസാദി വസ്തുക്കളാൽ നിറഞ്ഞതും തോലുകൊണ്ട് ആവരണം ചെയ്യതുമായ ഒന്നാണ്. മലയോളം മണ്ണും കടലോളം ജലവും കൂട്ടി കഴുകിയാലും ഒരിക്കലും വൃത്തിയാകാത്ത ഈ ശരീരത്തിൽ അഭിമാനിച്ച് ഞാൻ കണക്കില്ലാത്ത ദുഃഖം അനുഭവിച്ചു.

മനസ്സിനെ അടക്കാത്ത എന്റെ ഭ്രമത്തിന്റെ വലിപ്പം കാണുവിൻ! മൂഢയായ ഞാൻ നിസ്സാരനായ കാമുകനിൽനിന്നും കാമത്തെ കൊതിക്കുന്നു. ഹൃദയാന്തർവർത്തിയും ആനന്ദസ്വരൂപനും ഐശ്വര്യപ്രദാനനുമായ ഈശ്വരനെ വെടിഞ്ഞ് ശോകമോഹങ്ങളെ മാത്രം നല്കുന്ന മറ്റുള്ളവരെ ആശ്രയിക്കുന്നുവല്ലോ. നവദ്വാരങ്ങളിൽക്കൂടി സദാ ചോർന്ന് ഒലിക്കുന്ന ശരീരമാകുന്ന ഗൃഹത്തെ വിവേകികളായ ആരെങ്കിലും സുഖത്തിനായി പ്രാപിക്കുമോ. കാലത്തിന് അധീനരും ജരാഗ്രസ്തരുമായ മനുഷ്യരെ വിട്ട് ആ ലക്ഷ്മീപതിയെ ഞാൻ സ്വന്തമാക്കും. ഭഗവത്കൃപകൊണ്ട് എനിക്കുണ്ടായ വൈരാഗ്യത്തെ സ്വീകരിച്ച് ഇതരവിഷയങ്ങളിലുള്ള ദുരാശകൾ വെടിഞ്ഞ് നിഷ്ഠയോടെ, യാദൃച്ഛികമായി കിട്ടുന്നതുകൊണ്ട് സന്തോഷത്തോടെ ശേഷകാലത്തെ കഴിച്ചുകൂട്ടും. സംസാരകൂപത്തിൽ പതിച്ച് അജ്ഞാനതിമിരം ബാധിച്ച് കാലസർപ്പത്തിന്റെ വായിൽ അകപ്പെട്ടിരിക്കുന്ന ജീവനെ രക്ഷിക്കാൻ ആത്മസ്വരൂപനായ ഈശ്വരനു മാത്രമേ സാധിക്കുകയുള്ളൂ.

ഇപ്രകാരം വൈരാഗ്യം കൈവന്ന പിംഗള കാമുകനെ കിട്ടണമെന്ന ദുരാശയെ വെടിഞ്ഞ് സുഖമായി ഉറങ്ങി. ആശയാണ് ദുഃഖഹേതു; ആശാ അഭാവം സുഖവും.

**'ആശാ ഹി പരമം ദുഃഖം**
**നൈരാശ്യം പരമം സുഖം.'**

(തുടരും)

# വേദാർത്ഥവിചാരം

പ്രകാശ് ഡി.

---

ഭാരതീയസംസ്കാരത്തിന്റെ അടിത്തറയും ഉറവിടവും വേദമെന്ന് പ്രസിദ്ധമാണല്ലോ. വേദം ഭാരതത്തിന്റെ പാരമ്പര്യമായി ഭാരത സർക്കാരും അംഗീകരിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ഈ പൈതൃകത്തിന്റെ അടിസ്ഥാനത്തിലും വേദത്തിന്റെ കഴമ്പ് സ്വാംശീകരിച്ചും വേണം എല്ലാ സാംസ്കാരിക-രാഷ്ട്രീയസംഘടനകളും പ്രവർത്തിക്കുവാൻ എന്ന് നാം തിരിച്ചറിയണം. ആയതിനാൽ വേദപഠനം പൊതുവിദ്യാഭ്യാസത്തിന്റെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. അതിനുള്ള അർഹത വേദത്തിനുണ്ടോ എന്നറിയാൻ വേദാർത്ഥവിചിന്തനം

ഒരു ഗവേഷണവിഷയമായി സ്വീകരിക്കുവാനുള്ള സമയം അതിക്രമിച്ചിരിക്കുന്നു. ഇന്നത്തെ സാമാന്യജനങ്ങളുടെ മതവിവക്ഷയിൽനിന്ന് നോക്കുമ്പോൾ വേദം മതാതീതമാണ്. ചില ആചാരാനുഷ്ഠാനങ്ങളിൽ വേദസൂക്തങ്ങൾ ഉപയോഗിക്കുന്നുവെങ്കിലും ഏതൊരു മനുഷ്യനും മനുഷ്യകുലത്തിനാകെയും ഒരു മുതൽക്കൂട്ടാണ് എന്ന് മനസ്സിലാക്കുന്നതിനായി വേദത്തിലേയ്ക്ക് ഒരു ദിശർശനം മാത്രമാണിത്.

വേദങ്ങൾ എത്രയെന്ന ചോദ്യത്തിന് 'രാമരാവണയോഃ യുദ്ധം രാമരാവണയോരിവ' എന്ന അന്യോന്യ ഉപമാലങ്കാരത്തിന്റെ ഉദാഹരണംപോലെ വേദത്തിന് തുല്യം വേദം എന്ന ഉത്തരമാണുള്ളത്. രാമരാവണയുദ്ധത്തിന് തുല്യമായി മറ്റൊന്നില്ല എന്നതുപോലെ വേദം എന്ന പേര് മറ്റൊരു ഗ്രന്ഥത്തിന് ഇടാൻ സാധ്യമല്ല. വേദം ഒന്നേയുള്ളൂ എന്നും ആ സൂക്തസമുച്ചയത്തിന് വേദം അന്വർത്ഥമാണെന്നും സാരം. ഋഗ്വേദം, യജുർവ്വേദം, സാമവേദം, അഥർവ്വവേദം എന്നിങ്ങനെ വിഭജിച്ച് പറയാറുണ്ടെങ്കിലും വേദം ഒന്നേയുള്ളൂ എന്ന കാഴ്ചപ്പാടാണ് വേദാർത്ഥജ്ഞർക്ക് ഉണ്ടായിരുന്നത്. അതുകൊണ്ടായിരിക്കുമല്ലോ 'വേദാഃ പ്രമാണം' എന്നതിൽ പ്രമാണമെന്ന് ഏകവചനം പ്രയോഗിച്ചിരിക്കുന്നത്.

വേദം ഒരാളോ കുറേ ആളുകൾ ഒന്നിച്ചു ചേർന്നോ എഴുതിയ ഒരു ഗ്രന്ഥമല്ല. 'വേദം' എന്ന ശബ്ദത്തിന് 'അറിവ്' എന്നർത്ഥം. 'വിദ്' ജ്ഞാനേ എന്ന് പാണിനീയ ധാതുപാഠം ചൂണ്ടിക്കാണിക്കുന്നു. അറിവുകളുടെ കലവറയാണ് വേദം. അറിവിൻ ഖനിയായ വേദം ഋഷീശ്വരന്മാരുടെ തപശ്ശക്തിയുടെയും ആന്തരികചോദനയുടെയും ഫലമായി വിശാലവും പവിത്രവുമായ മനസ്സിൽനിന്ന് ഉദ്ഭവിച്ചതാണ്. അതുകൊണ്ട് 'അപൗരുഷേയം വാക്യം വേദഃ' എന്നും 'മന്ത്രദ്രഷ്ടാരഃ ഋഷയഃ' എന്നും മറ്റും പറയുന്നു. പുരുഷനിർമ്മിതമല്ല വേദം. അതുപോലെ വേദമന്ത്രങ്ങൾ എഴുതുകയല്ല ചെയ്തത്. മറിച്ച് ദർശിക്കുകയാണ് ചെയ്തത്. അതുകൊണ്ട് ഇത് ജഗദീശ്വരനിൽനിന്ന് സ്വയം ഉദ്ഭവിച്ചവയാണ് എന്ന് പറയുന്നു. ഋഷീശ്വരന്മാരും ജഗദീശ്വരനും തമ്മിൽ ഭേദമില്ലാത്തതിനാൽ (ബ്രഹ്മവിദ് ബ്രഹ്മൈവ ഭവതി) സാമാന്യലോകരുടെ വാക്യത്തിൽനിന്ന് വേദം വേറിട്ടു നിൽക്കുന്നു എന്ന് പറയാം. അതുകൊണ്ട് വേദംകൊണ്ട് ഉദ്ദേശിക്കുന്നത് എന്ത് എന്ന് ഗാഢമായ ചിന്തയാലും ഉപാസനയാലും മാത്രമേ മനസ്സിലാക്കാൻ സാധിക്കൂ. കൂടാതെ ശബ്ദപഠനത്തിനും അർത്ഥചിന്തയ്ക്കും ആചാര്യന്മാർ ഉപായങ്ങൾ പ്രദാനം ചെയ്തിട്ടുണ്ട്. അതാണ് ആറ് ശാസ്ത്രങ്ങൾ. അവയെ വേദാംഗങ്ങൾ എന്നുകൂടി വിളിക്കുന്നു. അവ ശിക്ഷ, വ്യാകരണം, ഛന്ദസ്സ്, നിരുക്തം, ജ്യോതിഷം, കല്പം എന്നിവയാണ്. ബ്രാഹ്മണേന നിഷ്കാരണോ ധർമ്മഃ ഷഡംഗോ വേദോ അധ്യേയോ ജ്ഞേയശ്ച എന്ന വാക്യം വേദാംഗപഠനം വേദാധ്യയനത്തിന് ഒഴിച്ചുകൂടാനാവാത്തതാണെന്ന് ഓർമ്മിപ്പിക്കുന്നു. മാത്രമല്ല കാലദേശങ്ങളാൽ വേദത്തിന് സംഭവിച്ചേക്കാവുന്ന അന്യഥാത്വത്തിൽനിന്ന് രക്ഷപ്പെടാൻ ഈ ആറു ശാസ്ത്രങ്ങളുടെ പഠനം അനിവാര്യമാണെന്നും സൂചിപ്പിക്കുന്നു. ചുരുക്കത്തിൽ വേദരക്ഷയാണ് വേദാംഗപഠനത്തിലൂടെ പ്രധാനമായും സാധ്യ

മാകുന്നത്. ശിക്ഷ, വ്യാകരണം, ഛന്ദസ്സ് എന്നിവ വേദത്തിന്റെ ശബ്ദരക്ഷയും നിരുക്തം, ജ്യോതിഷം, കല്പം എന്നിവ അർത്ഥരക്ഷയും നടത്തുന്നു. വേദത്തിൽ ശബ്ദമല്ലേ പ്രധാനം എന്ന ചോദ്യമുയർന്നേക്കാം. അത് സത്യമാണ്. 'ഋചോ അക്ഷരേ പരമേ വ്യോമൻ' എന്ന് വേദത്തിൽതന്നെ പറയുന്നു. വേദത്തിലെ ഓരോ അക്ഷരത്തിലും ജഗദീശ്വരൻ – ഈ പ്രപഞ്ചം യാതൊരു ബോധസത്തയിലാണോ നിലനിൽക്കുന്നത് – കുടികൊള്ളുന്നു എന്നർത്ഥം. ഓരോ ശബ്ദവും ജഗദീശ്വരനാണ്. എങ്കിലും അർത്ഥചിന്ത അത്യാവശ്യമാണ്. അതിനു കാരണവുമുണ്ട്. വേദത്തെ കർമ്മകാണ്ഡം, ഉപാസനാകാണ്ഡം, ജ്ഞാനകാണ്ഡം എന്ന് മൂന്നായി തിരിക്കാം. കർമ്മകാണ്ഡത്തിൽ കർമ്മം എങ്ങനെ ചെയ്യണമെന്ന് വിവരിക്കുന്നു. അത് മനസ്സിലാക്കുവാൻ വേദവാക്യങ്ങളുടെ അർത്ഥമറിയണം. ഉപാസനാകാണ്ഡത്തിൽ ഇഷ്ടമൂർത്തിയുടെ ഗുണഗണങ്ങളും സ്വരൂപമെല്ലാം മനസ്സിലാക്കേണ്ടതുണ്ട്. അതിനുവേണ്ടിയും വേദവാക്യങ്ങളുടെ അർത്ഥം കണ്ടെത്തണം. ജ്ഞാനകാണ്ഡത്തിലാകട്ടെ ഉപാസകൻ ശ്രവണമനനനിദിധ്യാസങ്ങളിലൂടെ കടന്നുപോകണം. അവിടെ ശ്രവണശേഷം ഗുരു ഉപദേശിച്ച അർത്ഥം ശരിയാണോ എന്ന് മനസ്സിലാക്കാൻ വേദവാക്യങ്ങളുടെ അർത്ഥം ഗ്രഹിക്കണം. അപ്രകാരം വേദാർത്ഥഗ്രഹണം അനിവാര്യംതന്നെ.

വേദാർത്ഥം മൂന്നു വിധത്തിൽ ചിന്തിയ്ക്കാമെന്ന് ആചാര്യന്മാരുടെ മതം. ഭൗതികാർത്ഥം, ദേവതാപരമായ അർത്ഥം, പരാത്മാപരമായ അർത്ഥം എന്നിവയാണവ. ഉദാഹരണത്തിന് വേദത്തിലെ 'അഗ്നി' എന്ന ശബ്ദത്തിന് മൂന്ന് വിധത്തിൽ നല്കുന്ന സായണാർത്ഥം നോക്കുക. ഭൗതികാർത്ഥം നേതാവ് (അഗ്രണീഃ ഭവതി ഇതി) എന്നും ദേവതാർത്ഥം ദേവന്മാരുടെ സേനാനി (അഗ്നിർവൈ ദേവാനാം സേനാനീ) എന്നും പരമാത്മപരമായ അർത്ഥം സ്നേഹബന്ധത്തെ നശിപ്പിച്ച് മുക്തി നല്കുന്നവൻ (നക്നോ പയതി) എന്നും പറയുന്നു.

സർവ്വമതാശ്ലേഷിയെന്ന് പറയാൻ പറ്റില്ലെങ്കിലും സർവ്വമാനവാശ്ലേഷിയെന്ന് പറയാൻ സാധിക്കുന്ന വേദത്തിലെ ചില മാനവീയങ്ങളായ ചില മൂല്യങ്ങളെ നമുക്ക് പരിചയപ്പെടാം.

**ഏകാത്മഭാവന**

മനുഷ്യനെ ഒന്നായി കാണുന്ന സംസ്കാരമാണ് സാമൂഹിക കാഴ്ചപ്പാടിൽ വേദം നല്കുന്ന സന്ദേശം. വേദമന്ത്രങ്ങളിലൂടെ വെളിവാകുന്ന അറിവ് എങ്ങനെയുള്ളതാണ് അല്ലെങ്കിൽ എങ്ങനെയുള്ള അറിവിനെയാണ് വേദം എന്ന് പറയുന്നത് എന്ന ചോദ്യത്തിന്റെ ഉത്തരമായി വേദത്തിന് നിർവ്വചനമുണ്ട്. അതിങ്ങനെയാണ് – 'അനധിഗതാബാധിതാർത്ഥബോധകഃ ശബ്ദോ വേദഃ'. യാതൊരു അറിവാണോ മറ്റൊന്നുകൊണ്ട് ലഭിക്കാത്തതും മറ്റൊരു അറിവിനാൽ ബാധിക്കപ്പെടാത്തതും അതാണ് വേദം. ആ അറിവ് നമ്മുടെ ഓരോരുത്തരുടെയും അസ്തിത്വമാണ്. അത് മറ്റൊന്നുകൊണ്ടും ലഭിക്കുകയുമില്ല. മറ്റൊന്നിനാൽ ഇല്ലാതാക്കാനും പറ്റില്ല. ഞാൻ ഉണ്ട് എന്ന വ്യക്തവും ഉറച്ചതുമായ അനുഭവമാണ്

വേദം തരുന്നത്. ഈ നിർവ്വചനത്തിലൂടെ ഇത്രയും ജനകീയമായ മതത്തിന്റേതോ രാഷ്ട്രീയത്തിന്റെയോ ആയോ ഒരു മാനിഫെസ്റ്റോയുമില്ല എന്ന് മനസ്സിലാക്കാം. ശ്രുവണാദി പഞ്ചേന്ദ്രിയങ്ങൾകൊണ്ടും മനസ്സുകൊണ്ടും ബുദ്ധികൊണ്ടും ഞാനിന്റെ (അവനവന്റെ) ബോധം ഉണ്ടാകുകയില്ല. അത് ഉണ്മയും ജ്ഞാനവും ആനന്ദവുമാണെന്ന് വേദം വെളിവാക്കി തരുന്നു. അവിടെ മനുഷ്യനെ വേർതിരിക്കുന്നില്ല. ഈ വേർതിരിവില്ലായ്മ ഭാരതീയ സംസ്കാരമാണ്. അതുകൊണ്ടാണ് വേദം നമ്മളെ ഇപ്രകാരം പ്രാർത്ഥിക്കുവാൻ പ്രേരിപ്പിക്കുന്നത് - 'ലോകാഃ സമസ്താഃ സുഖിനോ ഭവന്തു' എന്ന്.

### വിശ്വമാനവസങ്കല്പം

**അദിതിർദ്യൗരദിതിരന്തരിക്ഷമദിതിർമാതാ സ പിതാ സ പുത്രഃ**
**വിശ്വേദേവാ അദിതിഃ പഞ്ചജനാ അദിതിർജാതമദിതിർജനിത്വം**

(ഇത് ഋഗ്വേദത്തിലെ 1-ാം അഷ്ടകം 89-ാം സൂക്തം 10-ാം ഋക്ക്).

### പദങ്ങളും അന്വയവും പരിചയപ്പെടാം.

അദിതിഃ ദ്യൗഃ അദിതിഃ അന്തരിക്ഷം അദിതിഃ മാതാ സഃ പിതാ സഃ പുത്രഃ വിശ്വേദേവാഃ അദിതിഃ പഞ്ചജനാഃ അദിതിഃ ജാതം അദിതിഃ ജനിത്വം

### ആശയം

ഇവിടെ അദിതിശബ്ദം ലോകത്തിലെ പരമസത്യത്തെ പറയുന്നു. യാതൊരു ബോധത്തിലാണോ ഈ ജഗത്ത് മുഴുവനും നിൽക്കുന്നത് ആ പരമവും അഖണ്ഡവും അനശ്വരവുമായ ചൈതന്യമാണ് അദിതി. ആ ചൈതന്യവിശേഷത്തെ ഏതു പേരിൽ വിളിച്ചാലും ആ സത്യം തന്നെയാണ് അതിൽ നിലകൊള്ളുന്ന പ്രപഞ്ചവും പ്രപഞ്ചത്തിലെ ഓരോ വസ്തുവും വ്യക്തികളുമെന്ന് ഈ ഋക്ക് ബോധ്യപ്പെടുത്തുന്നു. പ്രകാശനശീലത്തോടുകൂടിയ വസ്തുക്കളും (ദ്യൗഃ), ആകാശവും (അന്തരിക്ഷം), മാതാവും (മാതാ) പിതാവും (പിതാ) പുത്രനും (പുത്രഃ) എല്ലാ ദേവന്മാരും (വിശ്വേദേവാഃ) നാലു വർണ്ണങ്ങളിൽപെട്ടവരും വർണ്ണബാഹ്യനായ നിഷാദനും (പഞ്ചജനാഃ) ലോകത്തിൽ ഉണ്ടായതെല്ലാം (ജാതം) ഉണ്ടാകുവാൻ പോകുന്നതെല്ലാം (ജനിത്വം) അങ്ങനെ ഒന്നൊഴികെ എല്ലാംതന്നെ ആ പരമചൈതന്യമാണെന്ന് പ്രഖ്യാപിക്കുന്നത് നാനാത്വത്തിൽ ഏകത്വത്തെ സാക്ഷാത്ക്കരിക്കുവാനുള്ള ആഹ്വാനം നൽകുന്ന ലോകത്തിലെ ആദ്യത്തെ വിശ്വമാനവ സങ്കല്പമാണെന്നതിന് സംശയമില്ല.

### കാട് ദേവതയാണ് മാതാവാണ്.

**നവാ അരണ്യാനിർഹന്ത്യന്യശ്ചേന്നാഭിഗച്ഛതി**
**സ്വാദോഃ ഫലസ്യ ജഗ്ധ്വായ യഥാകാമം നിപദ്യതേ**

(ഇത് ഋഗ്വേദത്തിലെ 8-ാം അഷ്ടകം 146-ാം സൂക്തം 5-ാം ഋക്ക്).

**ആഞ്ജനഗന്ധിം സുരഭിം ബഹ്വന്നാമകൃഷീവലാം**

**പ്രാഹം മൃഗാണാം മാതരമരണ്യാനിമശംസിഷം.**

(ഇത് ഋഗ്വേദത്തിലെ 8-ാം അഷ്ടകം 146-ാം സൂക്തം 6-ാം ഋക്ക്).

**പദങ്ങളും അന്വയവും പരിചയപ്പെടാം.**

**5-ാം ഋക്ക്**

അരണ്യാനിഃ ന ഹന്തി വൈ. അന്യഃ ന അഭിഗച്ഛതി ചേത് സ്വാദോഃ ഫല സ്യ ജഗ്ധ്വായ യഥാകാമം നിപദ്യതേ.

**6-ാം ഋക്ക്**

ആഞ്ജനഗന്ധിം സുരഭിം ബഹ്വന്നാം അകൃഷീവലാം മൃഗാണാം മാതരം അരണ്യാനിം അഹം പ്രാശംസിഷം.

**അർത്ഥം**

കാട് ഒരു ജീവിയേയും കൊല്ലുന്നില്ല. വേറൊരാളും അവിടേയ്ക്ക് വരുന്നില്ലെ ങ്കിൽ സ്വാദുള്ള പഴങ്ങൾ കഴിച്ച് ഇഷ്ടമനുസരിച്ച് അവിടെ വർത്തിക്കാം. മാ നിന്റെ നാഭിയിൽനിന്ന് വരുന്ന കസ്തൂരിഗന്ധത്തിന് സമാനമായ ഗന്ധത്തോട് കൂടിയതാണ് കാട്. അതുകൊണ്ടുതന്നെ സുഗന്ധപൂരിതമാണ്. ധാരാളം ഭക്ഷ ണപദാർത്ഥങ്ങൾ അവിടെ ലഭ്യമാണ്. ഭക്ഷ്യയോഗ്യമായ ഫലമൂലാദികളോടു കൂടിയതാണ്. എന്നാലവിടെ കൃഷിയുണ്ടായിരുന്നില്ല. മൃഗങ്ങളുടെ അമ്മയാണീ കാട്. അങ്ങനെയുള്ള അരണ്യദേവതയെ ഞാൻ മുകളിൽ പറഞ്ഞപ്രകാരമെ ല്ലാം സ്തുതിക്കുന്നു.

**ആശയം**

കാടിന്റെ സൗരഭ്യം ഇവിടെ വ്യക്തമാണ്. നാനാവിധപുഷ്പങ്ങളും കസ്തൂ രിസദൃശങ്ങളായ സുഗന്ധദ്രവ്യങ്ങളും കാടിലുണ്ടെന്നും വൈദിക ഋഷിമാർക്ക് അറിയാമായിരുന്നു എന്നു മാത്രമല്ല അവയുടെ സംരക്ഷണം നമ്മുടെ കർത്ത വ്യമാണെന്നും അവർക്ക് നിശ്ചയമുണ്ടായിരുന്നു. അന്ന് കാട്ടിൽ കർഷകർക്ക് പ്രവേശമുണ്ടായിരുന്നില്ല എന്നത് അകൃഷീവലാം എന്ന പദം സൂചിപ്പിക്കുന്നു. കൂടാതെ കൃഷി ചെയ്യാതെ തന്നെ മനുഷ്യരുൾപ്പെടെ എല്ലാ ജീവികൾക്കുമുള്ള ഭക്ഷണം അവിടെ സുലഭമാണ് എന്ന അറിവോടെ അവർ കാടിനെ അമ്മയാ യി കണ്ട് ആരാധിച്ചിരുന്നു എന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. ആരാധന അ വയുടെ സംരക്ഷണത്തെ അടിവരയിടുന്നു. മാതരം എന്നതിന് ജനയിത്രി എ ന്നർത്ഥമാണ് സായണാചാര്യൻ അവിടെ നൽകുന്നത് എന്നതിനാൽ കാടിനെ മൃഗങ്ങളുടെ പെറ്റമ്മയും പോറ്റമ്മയുമായി കരുതി നാം കാടിനെ സംരക്ഷിക്കണ മെന്ന് ഈ വേദമന്ത്രം ആഹ്വാനം ചെയ്യുന്നു. കാട്ടിൽ വേറൊരാളും അവിടേയ്ക്ക് വരുന്നില്ലെങ്കിൽ എന്നതിന്റെ അർത്ഥം സായണാചാര്യൻ പറയുമ്പോൾ വ്യാ ഘ്രചോരന്മാരെയാണ് നിർദ്ദേശിക്കുന്നത്. മൃഗസ്വഭാവത്തോട് കൂടിയ മനുഷ്യരു ടെ പ്രവേശത്തേയാണ് എതിർത്തിരുന്നതും ഭയപ്പെട്ടിരുന്നതും എന്ന് വ്യക്തം. ഇപ്രകാരം കാടിനെ പെറ്റമ്മയും പോറ്റമ്മയുമായി കണ്ടുകൊണ്ട് സംരക്ഷിക്ക

വാനും സ്തുതിക്കുവാനും പ്രേരിപ്പിക്കുന്ന വേദം.

**ഭരണകർത്താവ്**

**ഗോത്രഭിദം ഗോവിദം വജ്രബാഹും ജയന്തമജ്മപ്രമൃണന്തമോജസാ**
**ഇമം സജാതാ അനുവീരയധ്വമിന്ദ്രം സഖായോ അനുസംരഭധ്വം**

(ഇത് ഋഗ്വേദത്തിലെ 8-ാം അഷ്ടകം 103-ാം സൂക്തം 6-ാം ഋക്ക്).

**പദങ്ങളും അന്വയവും പരിചയപ്പെടാം**

സജാതാഃ, ഗോത്രഭിദം ഗോവിദം വജ്രബാഹും അജ്മ ജയന്തം ഓജസാ പ്രമൃണന്തം ഇമം ഇന്ദ്രം അനുവീരയധ്വം അനുസംരഭധ്വം.

**അർത്ഥം**

കൂടപ്പിറപ്പുകളെ, ജലസംരക്ഷകനും ജലം സംഭരിക്കുന്നവനും വജ്രം കയ്യിലുള്ളവനും യുദ്ധത്തിൽ സദാ ജയിക്കുന്നവനും ഓജസ്സുകൊണ്ട് ശത്രുക്കളെ പരാജയപ്പെടുത്തുന്നവനുമായ മഹാനുഭാവനായ ഇന്ദ്രനെ മുൻനിർത്തി വീര്യത്തോടെ യുദ്ധം ചെയ്യു, പ്രവർത്തിക്കു.

**ആശയം**

ഇത് പ്രത്യക്ഷത്തിൽ ദേവന്മാരെ ആഹ്വാനം ചെയ്യുന്നതായി കരുതാം. ദേവേന്ദ്രൻ ഒരു രാജാവാകയാൽ രാജാവിന് ചേർന്ന ഗുണങ്ങളും ഇതിൽ പറഞ്ഞിട്ടുണ്ട്. ഒരു ഭരണകർത്താവിന്റെ ഗുണങ്ങൾ കാണുക സ്വാഭാവികം. അപ്പോൾ ഇന്നത്തെ സ്ഥിതിക്ക് ഈ ആഹ്വാനം ഇന്നാട്ടിലെ ജനങ്ങളെ ഉദ്ദേശിച്ചായിരിക്കും. അതാണ് സജാതാഃ എന്ന് പറഞ്ഞത്. കൂടെപിറന്നവർ എന്നർത്ഥം പറയാം. അതായത് ഈ ദേശവാസികളെ എന്ന് സംബോധന. നിങ്ങളുടെ ഭരണകർത്താവ് എങ്ങനെയുള്ളവനായിരിക്കണമെന്നാണ് പിന്നീട് പറയുന്നത്. ഗോത്രം എന്നതിന് വർഗ്ഗം എന്നർത്ഥമുണ്ട്. അതിനാൽ ജനങ്ങളെ വേർതിരിക്കുന്ന ജാതി, മതം, ഭാഷ, വർണ്ണം എന്നീ ഭിന്നിപ്പിന്റെ വരമ്പുകളെ ഭേദിച്ചവനായിരിക്കണം. അതായത് തകർത്തവനായിരിക്കണം രാജ്യം ഭരിക്കുന്നവൻ. വർഗ്ഗീയബോധത്തെ രാജ്യത്ത് നിന്ന് തുടച്ചുനീക്കാൻ ജനങ്ങളെ ഒറ്റക്കെട്ടായി കാണാൻ കഴിയുന്ന ഭരണാധികാരിക്കേ സാധിക്കൂ. അതിന് സ്വന്തം നാടിന്റെ മഹത്ത്വം അദ്ദേഹം അറിഞ്ഞിരിക്കണം. അവിടെയാണ് ഗോവിദം എന്ന പദം ശ്രദ്ധിക്കേണ്ടത്. ഗോ പദത്തിന് ഭൂമി, രാഷ്ട്രം എന്നെല്ലാം അർത്ഥമുള്ളതുകൊണ്ട് ഗോവിദ് എന്നുവച്ചാൽ രാഷ്ട്രത്തെ അറിയുന്നവനായിരിക്കണം രാജ്യപാലകൻ. വെറുതെയറിഞ്ഞാൽ പോരാ. ഗോശബ്ദം പോകുന്നതിനെയെല്ലാം കുറിക്കുന്നു (ഗച്ഛതി ഇതി ഗൗഃ). അതുകൊണ്ട് ചലനാത്മകമായതാണ് ഭൂമിയും രാഷ്ട്രവുമെല്ലാം. സങ്കോചിക്കുന്നവന് ചലനാത്മകമായതിനെ അറിയാൻ സാധിക്കില്ല. വികസനോന്മുഖമായതിനേ ചലനാത്മകത കൈവരിക്കാൻ സാധിക്കൂ. അപ്രകാരം ഗോവിദം എന്നതുകൊണ്ട് വികസനാത്മകത അറിയുന്നവനായിരിക്കണം ഭരണകർത്താവ് എന്ന അർത്ഥം വന്നുചേരുന്നു. ജനങ്ങളിൽ

വർഗ്ഗീയബോധം ഇല്ലാതാക്കുവാനും ദേശീയബോധം ഊട്ടി ഉറപ്പിക്കാനും വികസനാത്മകദേശത്തിന്റെ സാക്ഷാത്ക്കാരത്തിനും ആത്മവിശ്വാസവും വിജയശീലനുമായിരിക്കണമെന്ന് ഇതിലെ വജ്രബാഹ്രം, അജ്മ ജയന്തം എന്നീ വാക്കുകൾ കാണിക്കുന്നു. വജ്രസമാനമായ കയ്യൂക്കുള്ളവൻ എന്ന് വജ്രബാഹ്രം എന്നതിന് അർത്ഥം പറയാം. ഇതിന് ഇവിടെ വാച്യമായ അർത്ഥമെടുത്താൽ പോരാ. ആത്മവിശ്വാസം കൈമുതലായവൻ എന്നും പറയാം. അജ്മ ജയന്തം എന്നതിന് രാഷ്ട്രീയമായ എല്ലാ യുദ്ധങ്ങളിലും താൻ ജയിക്കുമെന്ന ഉറപ്പ് മനസ്സിലും വാക്കുകളിലും പ്രതിഫലിപ്പിക്കുന്നവൻ എന്നർത്ഥവും എടുക്കാം. ഓജസാ പ്രമൃണന്തം എന്ന പ്രയോഗം പ്രതികൂലസാഹചര്യങ്ങളിൽ എല്ലാ പ്രതികൂല ശക്തികളെയും ഹതപ്രജ്ഞരായിത്തീർക്കുന്ന തരത്തിലുള്ള ഉറച്ചതീരുമാനമുളളവനായിരിക്കണം ഒരു ഭരണാധികാരി എന്ന് സൂചിപ്പിക്കുന്നു. അനുവീരയധ്വം എന്ന പദം ഭരണാധികാരിയോടൊപ്പം പ്രതിബന്ധങ്ങളെ തട്ടിമാറ്റാൻ മുന്നിട്ടിറങ്ങാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നു. അനുസംരഭധ്വം എന്നത് അദ്ദേഹത്തോടൊപ്പം പുതിയ സംരംഭങ്ങൾ തുടങ്ങാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നു.

### അദ്ധ്യാപകൻ, വിദ്യാർത്ഥി, സമാജം

**ശതധാരമുത്സമക്ഷീയമാണം വിപശ്ചിതം പിതരം വക്ത്വാനാം**
**മേളിം മദന്തം പിത്രോരുപസ്ഥേ തം രോദസീ പിപൃതം സത്യവാചം**

(ഇത് ഋഗ്വേദത്തിലെ 3-ാം അഷ്ടകം 26-ാം സൂക്തം 9-ാം ഋക്ക്).

### പദവും അന്വയവും പരിചയപ്പെടാം.

രോദസീ ശതധാരം അക്ഷീയമാണം ഉത്സം വിപശ്ചിതം പിതരം വക്ത്വാനാം മേളിം പിത്രോഃ ഉപസ്ഥേ മദന്തം സത്യവാചം തം പിപൃതം.

### അർത്ഥം

അല്ലയോ ദ്യാവാപൃഥിവികളേ, കണക്കറ്റ ജലധാരയോട് കൂടിയതും ഇടതടവില്ലാത്ത പ്രവാഹത്തോട് കൂടിയതുമായ ജലസ്രോതസ്സുപോലുള്ള വാഗ്ധോരണിയോട് കൂടിയവനും സകലശാസ്ത്രാഭിജ്ഞനും വിദ്യോപദേശത്താൽ ശിഷ്യന്മാരെ പാലിക്കുന്നവനും പാഠ്യവിഷയത്തെ ശിഷ്യബുദ്ധിയുമായി യോജിപ്പിക്കുന്നവനും അച്ഛനമ്മമാരുടെ അടുക്കൽ അഭിമാനത്തോടെ നിൽക്കുന്നവനും സത്യസന്ധനുമായ അദ്ധ്യാപകനെ പരിപാലിച്ചാലും.

### ആശയം : ശതധാരം

ഇന്റർനെറ്റിന്റെ ഈ യുഗത്തിൽ അദ്ധ്യാപക പ്രസക്തി ഇല്ലാതാവുകയാണോ എന്ന് തോന്നുന്നു. അദ്ധ്യാപകരെ സർക്കാർ തിരഞ്ഞെടുക്കുന്നതിലും അവർക്ക് വേണ്ടതായ യോഗ്യത കല്പിക്കുന്നതിലും ആ യോഗ്യതകളെ അളക്കുന്നതിലും ഒരു പരിധി വരെ തെറ്റു പറ്റുന്നുണ്ടോ എന്ന് തോന്നുന്നു. അദ്ധ്യാപകർക്ക് രണ്ടു കൂട്ടരുമായിട്ടാണ് ബന്ധം. ഒന്ന് വിദ്യാർത്ഥിസമൂഹം മറ്റൊന്ന് രക്ഷിതാക്കളുടെ സമൂഹം. വിദ്യാർത്ഥികളുടെ ഗുണനിലവാരം ഉയർത്താനും ലക്ഷ്യപ്രാപ്തി

ക്കുവേണ്ടി പ്രയത്നിക്കുവാനുമുള്ള ശേഷി അദ്ധ്യാപകർക്കുണ്ടായിരിക്കേണ്ടതാണെന്ന് ഈ വേദമന്ത്രത്തിൽനിന്ന് മനസ്സിലാക്കാം. ശതധാരം എന്ന വാക്കിന് നൂറ് കണക്കിന് മുനകളുള്ള വജ്രായുധം എന്നർത്ഥമുണ്ട്. അതുകൊണ്ട് വജ്രായുധസമാനനാണ് അദ്ധ്യാപകൻ. വിവിധനിലവാരമുള്ള വിദ്യാർത്ഥികളായിരിക്കും അദ്ധ്യാപകന് മുമ്പിൽ ഉണ്ടാവുക. അവരുടെ മനസ്സിന്റെയും ബുദ്ധിയുടെയും സ്വഭാവം മനസ്സിലാക്കാൻ അദ്ധ്യാപകന് സാധിക്കണം. അതിനുള്ള ശേഷി അദ്ധ്യാപകന് വേണമെന്ന് ശതധാരം എന്ന വാക്ക് സൂചിപ്പിക്കുന്നു. ഒരേസമയം വിവിധ കുട്ടികളുടെ മനസ്സിലേയ്ക്ക് വജ്രായുധത്തിന്റെ മുനപോലെ ആഴ്ന്നിറങ്ങി ഗുണദോഷവിചിന്തനം നടത്താൻ അദ്ധ്യാപകൻ പ്രപ്തനാകണമെന്ന് ഇത് കാണിക്കുന്നു.

### ആശയം : ഉത്സം

വെള്ളത്തിന്റെ ഉദ്ഭവസ്ഥലം, സ്രോതസ്സ്, ഉറവ എന്നെല്ലാം ഉത്സം എന്നതിന് അർത്ഥം പറയാം. അതുകൊണ്ട് ഇത് അറിവിന്റെ ഉറവയെയാണ് കുറിക്കുന്നത്. വിദ്യാർത്ഥികളുടെ ഏതു സംശയത്തിനും എപ്പോഴും സമാധാനം നൽകുവാൻ അദ്ധ്യാപകന് സാധിക്കണം. അതിന് അദ്ധ്യാപകൻ വിജ്ഞാനത്തിന്റെ ഖനിയായിരിക്കണം. സംശയമാണല്ലോ പഠനത്തിന്റെ ലക്ഷണം. കുട്ടികളുടെ സംശയങ്ങൾക്ക് അപ്പപ്പോൾ ഉത്തരം നൽകാൻ അനവരതം അനർഗ്ഗളം പ്രവഹിക്കുന്ന അറിവിൻ ഉറവയായിരിക്കണം അദ്ധ്യാപകൻ.

### ആശയം : വിപശ്ചിതം

വിപശ്ചിത് എന്നതിന് പണ്ഡിതൻ എന്നാണർത്ഥം. അതായത് ആത്മീയാർത്ഥത്തിൽ ആത്മജ്ഞാനപരമായ ബുദ്ധിയുള്ളവൻ എന്നാണ്. അപ്പോൾ യഥാർത്ഥസ്ഥിതി അറിയുന്നവൻ എന്നർത്ഥം. അപ്പോൾ ഇവിടെ ഒരോ വിദ്യാർത്ഥികളുടെയും ശാരീരിക-മാനസിക-ബൗദ്ധികനിലവാരത്തിന്റെ യഥാർത്ഥസ്ഥിതി അറിയുന്നവൻ എന്നർത്ഥം കിട്ടും. അങ്ങനെ ഇത്തരത്തിലുള്ള അദ്ധ്യാപകനാണെങ്കിൽ ഒരോരുത്തരുടെയും അഭിരുചികൾ അദ്ദേഹത്തിന് അറിയാൻ സാധിക്കും. അവരുടെ അഭിരുചികൾക്കനുസരിച്ച് പഠനവിഷയങ്ങളിലും പഠനരീതികളിലും മാറ്റമുണ്ടാക്കൻ ആ അദ്ധ്യാപകൻ കഴിവുള്ളവനായിരിക്കും.

### ആശയം : പിതരം

അച്ഛൻ എന്നാണ് ലൗകികാർത്ഥമെങ്കിലും പാ എന്ന ധാതുവിന്റെ അർത്ഥതലത്തിൽനിന്നുകൊണ്ട് ചിന്തിക്കുകയാണെങ്കിൽ പാലിക്കുന്നവൻ എന്നർത്ഥവും പറയാം. അദ്ധ്യാപകന് പഠനവിഷയം കുട്ടികളിൽ എത്തിച്ചുകൊടുത്തുകൊണ്ട് മാത്രമല്ല അവരെ പാലിക്കുക. കുട്ടികളെ നേർവഴി നടത്തുക എന്ന ഉത്തരവാദിത്വം കൂടിയുണ്ട് അദ്ധ്യാപകന്. അതുകൊണ്ട് അദ്ധ്യാപകന്റെ വ്യക്തിത്വവും പെരുമാറ്റവും കുട്ടികൾക്ക് നേർവഴി നടക്കുവാനുള്ള പ്രേരണയായിത്തീരണം. ഇവിടെ പിതൃശബ്ദം ഉപലക്ഷണമായിട്ടാണ് പറഞ്ഞിരിക്കുന്നത്.

മാതൃശബ്ദത്തെയുംകൂടി ഇവിടെ വിവക്ഷിക്കുന്നുണ്ട്. മാതി ഇതി മാതാ എന്നാണ് നിരുക്തി. സന്താനത്തെ അളന്ന് മനസ്സിലാക്കുന്നവൾ എന്നർത്ഥം. അച്ഛനമ്മമാരുടെ ലാളനയും ശാസനയും കൊടുക്കുന്നവനായിരിക്കണം അദ്ധ്യാപകൻ എന്നിവിടെ ഉദ്ദേശിക്കുന്നു എന്ന് പറയാം.

(തുടരും)

ഔഷധസസ്യങ്ങൾ – 8

## കറ്റാർവാഴ

ഉണ്ണികൃഷ്ണൻ കിഴുത്താനി

ഇപ്രാവശ്യം 'കറ്റാർവാഴ'യാണ് ഈ പംക്തിയിൽ പരിചയപ്പെടുത്തുന്നത്. സംസ്കൃതത്തിൽ 'കുമാരി' എന്നും 'ഗൃഹകന്യ' എന്നും പറയുന്നു. ഇത് രണ്ടു തരത്തിലുണ്ട്. ആദ്യത്തേത് സർഹപ്പേറ്റിക് ആരോസ് ഇത് കരൾ സംബന്ധമായ രോഗങ്ങൾക്ക് കൈകണ്ട ഔഷധമാണ്.

രണ്ടാമത്തേത് 'ഗ്ലാസി ആരോസ്' ഇത് ഭാരതത്തിൽ സാർവ്വത്രികമായി കണ്ടു വരുന്നു. ഇതിൽ അലിൻ എന്ന ഗ്ലൂക്കോസൈഡ് അടങ്ങിയിരിക്കുന്നു. സാധാരണമായി ആസവാരിഷ്ടങ്ങൾ ഉണ്ടാക്കുന്നതിനും സൗന്ദര്യവർദ്ധകവസ്തുക്കളുടെ നിർമ്മാണത്തിനുമാണിതുപയോഗിക്കുന്നത്. സ്ത്രീജന്യരോഗങ്ങൾക്കുള്ള പ്രതിവിധിയായ 'കുമാര്യാസവ'ത്തിൽ കറ്റാർവാഴ പ്രധാന ചേരുവയാണ്. തലമുടി ആരോഗ്യത്തോടെ തഴച്ചു വളരാനും അഴുക്ക് പൂർണ്ണമായി നീക്കം ചെയ്യാനും താളിയായും ഉപയോഗിക്കുന്നു. ഇത് ലഘു-തീക്ഷ്ണ ഉഷ്ണ ഔഷധമാണ്. കഫ-പിത്ത രോഗങ്ങൾക്കും രക്തദൂഷ്യങ്ങൾക്കും ഫലപ്രദമാണ്. വേദന അനുഭവപ്പെടുന്ന നീരിന് പുറമെ അരച്ചിടുന്നത് തീർത്തും ആശ്വാസം തരും. അഗ്നിമാന്ദ്യം, ഗുന്മം, പ്ലീഹ തുടങ്ങിയവയ്ക്ക് രജോ-രോഗശമനൗഷധമായും ഉപയോഗിക്കുന്നു. ഇലകളാണ് ഔഷധ പ്രധാനം. പത്രമജ്ജ എടുക്കുന്നതിന് പലവിധത്തിലുള്ള പ്രയോഗങ്ങളുണ്ട്. പോളകൾ (പത്രം) ചെറുതായരിഞ്ഞ് അതിൽ നെല്ല് ഇട്ട് തിരുമ്മി അല്പസമയം വെച്ചിരുന്നാൽ മജ്ജദ്രവരൂപത്തിലാകും. മറ്റൊന്ന്, ചെറുതായരിഞ്ഞ പോളകൾ ത്രിഫലപ്പൊടി ചേർത്തുവെച്ചിരുന്നാലും ദ്രാവകമായിത്തീരും. 'കുമാരികല്പം', 'കുമാരികാവടിക' തുടങ്ങിയ ഔഷധങ്ങളും ചെന്നിനായകവും ഇതിൽനിന്നുണ്ടാക്കുന്നു.

മർമ്മാണി ചികിത്സകർ ചെന്നിനായകം, കറ്റാർവാഴനീര്, മണിക്കുന്തരിക്കം, കോഴിമുട്ടയുടെ വെള്ള ഇവ നന്നായി അരച്ചു ചേർത്ത് മർമ്മാണി കുഴമ്പാക്കി ചതവിനും ഉളുക്കിനും മറ്റും പുറമെ കുഴമ്പിടാനായി ഉപയോഗിക്കുന്നു. സന്ധി-ഞെരമ്പുകൾക്ക് ഊർജ്ജസ്വലതയും പൂർവ്വസ്ഥിതിയും ലഭിക്കാൻ ഈ കുഴമ്പ് അത്യധികം ഉപകരിക്കും.